


**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Breaking Personal and Generational Bondages)

# വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

# ഉള്ളടക്കം


അവതാരിക ........................................................................ 1

1. തലമുറയായിട്ടുള്ള ഒരു അടിമത്തം എന്താണ്? .... 6

2. അകൃത്യവും പാപവും ................................................ 15

3. കുടുംബ അടിമത്തങ്ങൾക്കു എന്തുകൊണ്ടാണ് കതകുകൾ തുറക്കപ്പെടുന്നത്? ................................ 20

4. വ്യക്തിപരമായും കുടുംബപരമായും ഉള്ള അടിമത്തങ്ങൾ അംഗീകരിക്കുന്നത് ........................ 27

5. ഇതിൽ നിന്നും എങ്ങനെ നമുക്കു സ്വതന്ത്രരാകുവാൻ കഴിയും? .................................. 30

കൂടെക്കൂടെ ചോദിക്കപ്പെട്ട ചോദ്യങ്ങൾ ................ 39

ഒരുക്കം ........................................................................ 49

പ്രാർത്ഥന .................................................................. 50

# അവതാരിക

ജനങ്ങൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങളുടെ ഉത്ഭവം മുമ്പുള്ള തലമുറയിൽനിന്നായിരിക്കാം. ഇവയിൽ ചിലതു ആരെങ്കിലും ഒരാൾ പാപമായ ഒരു ജീവിതരീതി നയിച്ചതിനാൽ ആയിരിക്കാം അല്ലെങ്കിൽ പൈശാചിക പ്രവർത്തനങ്ങളിൽ അകപ്പെട്ടിരിക്കാം, അതിനു മുമ്പുള്ള ഒരു തലമുറയിൽ. ഉദാഹരണമായി, ഒരു കുടുംബത്തിൽ, ഒരു പിതാമഹൻ പാപ്പരത്തം അനുഭവിച്ചിരുന്നിരിക്കാം, ഇത് അദ്ദേഹത്തിന്റെ ഒരു മകന് പിന്തുടർന്നിരിക്കാം. ഈ മകന് കുട്ടികൾ ഉണ്ടായെന്നിരിക്കാം, അവരിൽ ചിലരുംകൂടെ പാപ്പരത്തിൽ പോയിരിക്കാം. അതുകൊണ്ട് തലമുറതലമുറയായി, ഒന്നോ, അതിലധികമോ ജനങ്ങൾ ഇതേ വിധത്തിലുള്ള പ്രശ്നങ്ങളാൽ ബാധിതരായിത്തീർന്നിരിക്കാം.

വേറൊരു ഉദാഹരണം പരിഗണിക്കുക, അവിടെ ഒരു പിതാമഹൻ ആഴമായി വേരുറച്ച ഒരു മദ്യപാനി ആയിരുന്നിരിക്കാം. ജീവിതത്തിൽ പിന്നീട് അദ്ദേഹത്തിന്റെ മകനും ഒരു മദ്യപാനിയായിത്തീരുന്നു. ഇത് മൂന്നാമത്തെ തലമുറയിലേക്ക് പ്രവേശിക്കപ്പെടുന്നു. എല്ലാവരും ഇതേ പ്രശ്നങ്ങളാൽ മല്ലിടുന്ന ഒരു മാതൃക അവിടെ ഉണ്ടായിരിക്കാം. കുടുംബവൃക്ഷത്തിൽ എന്തെങ്കിലും ഉണ്ടായിരിക്കാം - വ്യക്തികളിൽ മാത്രം അല്ല—അത് അതുപോലെയുള്ള മാതൃകകളെ ഉത്ഭവിപ്പിക്കുന്നു, തലമുറതലമുറയായി. അങ്ങനെ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ കാരണം എന്തായിരിക്കാം—ജീവിതരീതികളുടെ പെരുമാറ്റങ്ങളോ,ജീവിതത്തിലെ അനുഭവങ്ങളോ, കൊടുംദുരിതങ്ങളോ അങ്ങനെ മറ്റു പലതും? തലമുറതലമുറയായി തുടർന്നുക്കൊണ്ടിരിക്കുന്ന ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് ആത്മീകമായി എന്തെങ്കിലും കാരണമുണ്ടോ?അങ്ങനെയെങ്കിൽ ഒരു വ്യക്തി ലഘുവായി പ്രശ്നങ്ങളെ കൈക്കാര്യം ചെയ്യാൻ ശ്രമിക്കാതെ ആഴത്തിലേക്ക് പോകണം.

ഒരു വ്യക്തി വേരിൽനിന്നുള്ള കാരണം കൈക്കാര്യം ചെയ്യണം, അത് പ്രകൃതിയിൽ ആത്മീകമായിരിക്കുവാൻ കഴിയും.

## തലമുറയായിട്ടുള്ള അടിമത്തങ്ങളുടെ ഉദാഹരണങ്ങൾ

നമ്മുടെ ജീവിതങ്ങളിൽ നമ്മൾ അഭിമുഖീകരിക്കുന്ന ചില പ്രശ്ന ങ്ങൾ തലമുറയായിട്ടുള്ള അടിമത്തങ്ങളാൽ ആയിരിക്കുവാൻ കഴി യും—പാപമായ പെരുമാറ്റവും ജീവിതരീതി മാതൃകയും, ഭോഷ്ക്കു പറയുക, കബളിപ്പിക്കുക, കോപം, അക്രമം, ചൂതാട്ടം, മദ്യപാനം, മയക്കുമരുന്നിൽ ആശ്രയിക്കുക, വ്യഭിചാരം, സദാചാരവിരുദ്ധത, നാശത്തിനിടയാക്കുന്ന വ്യക്തിത്വം, ദുർവിനിയോഗം ചെയ്യുന്ന ത്, ആത്മഹത്യാപ്രേരണ, ജോലിക്ക് അടിമയായിരിക്കുക ഇതു പോലെ മറ്റു പലതും. ഈ പട്ടിക മുമ്പോട്ട് പോകുവാൻ കഴിയും. ജീവിതത്തിലെ മറ്റു പ്രശ്നങ്ങൾ -തുടർച്ചയായുള്ള രോഗങ്ങൾ, വിവാഹമോചനം, ധനപരമായ പാപ്പരത്തം, വ്യവസായത്തിൽ തുടർച്ചയായുള്ള പരാജയങ്ങൾ, മറ്റു സ്ഥാനങ്ങളിൽ തോൽവി കൾ, വിഷാദം, മാനസിക/വികാരപരമായ തകർച്ച, അവിവേക മായ ഭയം, സുരക്ഷയില്ലായ്മ, മോശമായ സ്വയപ്രതിബിംബം പരി ത്യജിക്കൽ, പട്ടിണി, ഭക്ഷണം കഴിക്കുന്നതിൽ താറുമാറ്, വിവാ ഹത്തിലൂടെയല്ലാതെ കുട്ടികൾ ജനിക്കുന്നത്, ശാരീരികമായും വികാരപരമായും പ്രവർത്തിക്കാതിരിക്കുന്നത്, പ്രസവിക്കാത്ത അവസ്ഥ, ഗർഭം അലസൽ, തുടർച്ചയായുള്ള അപകടങ്ങൾ, 'അ പകടശീലം' ഉണ്ടായിരിക്കുക, പ്രകൃതി വിരുദ്ധമായും അസമ യത്തും ഉള്ള മരണങ്ങൾ, ഇവയെല്ലാം 'തലമുറയായിട്ടുള്ള അടി മത്തത്തിൽ' നിന്നുംആയിരിക്കുവാൻ കഴിയും.

## എല്ലാറ്റിനും പറ്റിയ ഒരു പ്രതിവിധിയല്ല

ഈ പഠനത്തിൽ നമ്മൾ മുമ്പോട്ട് പോകുന്നതിന് മുമ്പെ, നമ്മൾ ഗ്രഹിക്കേണ്ടതായ ഒരു കാര്യം, നമുക്ക് ഇപ്പോൾ ഉള്ള തലമുറയാ യിട്ടുള്ള അടിമത്തങ്ങളെ കൈകാര്യം ചെയ്യുന്നത്, നമ്മൾ അഭിമു ഖീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും ഒരു പരി ഹാരമല്ല. ഗ്രഹിക്കുന്നതും ഉടച്ചുകളയുന്നതും - തലമുറയായുള്ള അടിമത്തങ്ങൾ—ആവശ്യമായി ജീവിതത്തിലെ എല്ലാ പ്രശ്നങ്ങ

ളെയും പരിഹരിക്കാൻ കഴിയുന്നതല്ല. ഒരു പ്രശ്നം എല്ലായ്പ്പോഴും തലമുറയായുള്ള അടിമത്തത്തിനു കാരണം ആകണമെന്നില്ല.ഉദാഹരണമായി, ഒരു വ്യക്തിക്കു ഇളകാത്ത തലവേദനക്കു കാരണം, ലഘുവായി ആ വ്യക്തി ആവശ്യത്തിന് ഉറങ്ങുന്നില്ലാത്തതായിരിക്കാം, ഇത് തലമുറയായിട്ടുള്ള ഒരു അടിമത്തം അല്ല. അതുകൊണ്ട് ചിലത് തലമുറയായിട്ടുള്ള അടിമത്തം ആണെന്ന് തീരുമാനിക്കുന്നതിനു മുമ്പെ, നമ്മൾ വളരെ സൂക്ഷ്മതയുള്ളവരായിരിക്കേണ്ടത് ആവശ്യമാണ്. ഇതു മാത്രം ആണ് അറിഞ്ഞു ജീവിക്കണമെന്നുള്ള  വിധത്തിൽ നമ്മൾ പെരുമാറരുത്. പ്രശ്നങ്ങൾക്കു കാരണം ആക്കുന്നതിന് വേറെയും കാര്യങ്ങൾ ഉണ്ട്.

## അകപ്പെടുത്തുന്ന വേറെ കാര്യങ്ങൾ

ക്ഷണനേരം നിസ്സംശയമായി പാപമായ പെരുമാറ്റ മാതൃകകൾ ഒരു തലമുറയിൽനിന്നും മറ്റൊരു തലമുറയിലേക്ക് പ്രവേശിക്കപ്പെടുന്നു, മറ്റനേകം മാതൃകകളും അകപ്പെടുത്തുവാൻ കഴിയും. ആത്മീക കാരണങ്ങൾ കൂടാതെ വ്യക്തിപരമായും, ഉൽപത്തിവിഷയമായും, പരിസരസംബന്ധമായും മാതൃകകളും ഉണ്ടായിരിക്കുവാൻ കഴിയും. ഉദാഹരണമായി, ഒരു വ്യക്തിക്കു മയക്കുമരുന്നിൽ ആശ്രയിക്കുന്ന പ്രശ്നത്തിനുള്ള കാരണം, നേരത്തെയുള്ള തലമുറയിൽ ഒരാൾക്ക് ഇത് ഉണ്ടായിരുന്നു എന്നുള്ളത് ആയിരിക്കുകയില്ല, എന്നാൽ, ലഘുവായി, എന്തുകൊണ്ടെന്നാൽ ആ വ്യക്തി തെറ്റായിട്ടുള്ള ഒരു ജീവിതശൈലി കൈക്കൊണ്ടു, തെറ്റായ സ്വാധീനങ്ങളാൽ.

## ഈ സത്യം അറിയുവാനും പ്രയോഗിക്കുവാനും ഉള്ള ആവശ്യം

എന്തുകൊണ്ടെന്നാൽ, നമ്മൾ ഗ്രഹിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്, എന്താണ് തലമുറയായിട്ടുള്ള അടിമത്തം എന്നും, ഈ സത്യം എങ്ങനെയാണ് പ്രയോഗിക്കേണ്ടതെന്നും, അങ്ങനെ ഒരു പ്രശ്നത്തിന്റെ മൂലകാരണം തലമുറയായിട്ടുള്ള അടിമത്തം ആണെങ്കിൽ,നിലനിൽക്കുന്നതായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതിന് എന്തു ചെയ്യണം എന്ന് നമ്മൾ അറിയും. ഒരു പ്രശ്നത്തിന്റെ മൂല

കാരണം കൈകാര്യം ചെയ്യുവാൻ നമ്മൾക്കു കഴിയാത്തിടത്തോളം, അതിനായി നിലനിൽക്കുന്ന ഒരു പരിഹാരം നമ്മൾക്ക് ഉണ്ടായിരിക്കുവാൻ കഴിയുന്നതല്ല. നമുക്കു വേണ്ടിയും, ശുശ്രൂഷ ചെയ്യുമ്പോൾ മറ്റുള്ളവർക്കു വേണ്ടിയും രണ്ടിനും നമ്മൾ പ്രയോഗിക്കേണ്ടതാവശ്യമാണ്.

**"നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെസ്യർ 6:12).**

"നമ്മുടെ പോരാട്ടം "ജഡരക്തങ്ങളോടല്ല"—ജനങ്ങളോടല്ല— എന്നാൽ വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, പിശാചിനോടും അവന്റെ പൈശാചികത്വത്തോടും, നമുക്ക് എതിരായി നമ്മെ ആക്രമിക്കുവാൻ വരുന്ന എല്ലാറ്റിനോടും. ഒരു ആത്മീകയുദ്ധം അകപ്പെടുന്നു. എന്നാൽ, നമ്മൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾക്കു ആത്മീക ഉത്ഭവം ഉണ്ട്.

ദൈവത്തിന്റെ വചനം നമ്മളെ താക്കീത് ചെയ്യുന്നു പിശാചിനു കാലുറപ്പിക്കാന്നിടം കൊടുക്കരുതെന്ന് – "അല്ലെങ്കിൽ പിശാചിനു ഒരു വിധത്തിലുമുള്ള പ്രവേശനം കൊടുക്കാതിരിക്കുവാൻ നമ്മൾ വളരെ സൂക്ഷ്മതയുള്ളവരായിരിക്കണം. പിശാച് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും നമ്മുടെ ജീവിതങ്ങളിൽ എങ്ങനെയാണ് പ്രവേശനം ആർജ്ജിക്കുന്നതെന്നും നമ്മൾ അറിയേണ്ടത് വളരെ പ്രാധാന്യമാണ്. എങ്കിൽ മാത്രമേ വിജയകരമായി അവനോട് എതിർത്തു നിൽക്കുന്നത് എങ്ങനെയെന്ന് നമുക്ക് അറിയുവാൻ സാധിക്കുകയുള്ളു. നമ്മുടെ ജീവിതങ്ങളിൽ എങ്ങനെയാണ് പിശാച് പ്രവേശിക്കുന്നതെന്ന് കൃത്യമായി നമുക്ക് തീരുമാനിക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ, എങ്ങനെയാണ് അവനെ നമ്മുടെ ജീവിതങ്ങളിൽനിന്നും അകറ്റിനിർത്തുന്നതെന്ന് നമ്മൾ ബോധവാൻമാർ അല്ലായിരിക്കും. പ്രശ്നത്തിന്റെ വേരിനോട് നമ്മൾ കൈകാര്യം ചെയ്യുന്നില്ലായെങ്കിൽ, അത് നിഴലിനോട് പടവെട്ടുന്നതു പോലെ

യിരിക്കും – യഥാർത്ഥവ്യക്തിയോട് പടവെട്ടുന്നതിനുപകരം നിഴലിനോട് പടവെട്ടുന്നത്.

## പേരുകളും സങ്കേതഭാഷയും

ക്രിസ്തീയ ലോകത്തിൽ അനേകയിടത്തും, 'കുടുംബശാപം' എന്നും 'തലമുറയായ ശാപം' എന്ന പേരുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പുസ്തകത്തിൽ 'ശാപം' എന്ന വാക്ക് ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. പകരമായി ഞങ്ങൾ ഉപയോഗിക്കുന്ന വാക്ക് 'അടിമത്തം എന്നു മാത്രമാണ്, എന്തുകൊണ്ടെന്നാൽ ഇത് കൂടുതൽ വ്യാപകമായിട്ടുള്ളതാണെന്നും പ്രശ്നത്തിന്റെ പ്രകൃതി കൃത്യമായി വിവരിക്കുന്നുവെന്നുമാണ് ഞങ്ങൾക്ക് തോന്നുന്നത്. 'ശാപം' എന്നുള്ള വാക്ക് സാധാരണയായി പരമാർശിക്കുന്നത് ഒരു ആധികാരിക പ്രഖ്യാപനം ഉച്ചരിക്കുന്നതിനോടാണ്, നമ്മുടെ ജീവിതങ്ങളിൽ സംസാരിച്ച ചില കാര്യങ്ങൾ. എന്നാൽ ഞങ്ങൾ കൈകാര്യം ചെയ്യുന്നത് അടിമത്തങ്ങളുടെ പ്രദേശത്തോടെയാണ് അവിടെ ശത്രു പ്രവേശനം വശത്താക്കി ഒരു കുടുംബരേഖയിൽ, ആ കുടുംബവൃക്ഷത്തിൽ പല വ്യക്തികളെ അടിമയാക്കി നിർത്തി തുടർന്നുള്ള തലമുറകളിലൂടെ ചില സമയങ്ങളിൽ 'കുടുംബശാപം' എന്ന പേരും 'തലമുറകളുടെ ശാപം' എന്ന പേരും 'തലമുറകളുടെ അടിമത്തം'എന്ന പേരും പരസ്പരം മാറ്റി ഉപയോഗിച്ചേക്കാം. എന്നാൽ, പ്രാധാന്യമേറിയ കാര്യം ഇതാണ്, സത്യം ഗ്രഹിക്കുകയും നമ്മുടെ ജീവിതങ്ങളിൽ അതിനെ പ്രയോഗിക്കുകയും വേണം നമ്മൾ കൂടുതൽ ഇഷ്ടപ്പെടുന്ന സങ്കേതഭാഷ ഉപയോഗിക്കുന്നത് പരിഗണിക്കാതെ.

> തലമുറയായിട്ടുള്ള അടിമത്തങ്ങൾ എന്താണെന്ന് നമ്മൾ ഗ്രഹിക്കേണ്ടത് അതിപ്രധാനമാണ്. ഈ സത്യം എങ്ങനെയാണ് പ്രയോഗിക്കേണ്ടതെന്നും അറിഞ്ഞിരിക്കണം. അങ്ങനെ ഒരു പ്രശ്നത്തിന്റെ മൂലകാരണം ഒരു തലമുറയായിട്ടുള്ള അടിമത്തം ആണെങ്കിൽ, നിലനിൽക്കുന്ന ഒരു പരിഹാരം എങ്ങനെയാണ് കണ്ടുപിടിക്കേണ്ടതെന്ന് നമ്മൾ അറിയും.

# 1

# തലമുറയായിട്ടുള്ള ഒരു അടിമത്തം എന്താണ്?

**"ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു. എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെമേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു" (പുറപ്പാട് 20:3-6)**

ദൈവം രണ്ട് കല്പനകൾ കൊടുക്കുന്നു. ഒന്നാമത്തേത്, ദൈവമല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്. രണ്ടാമത്തേത്, ആരും യാതൊന്നിന്റെയും പ്രതിമയെ നമസ്കരിക്കരുതെന്ന്. ഈ കല്പനകൾ ലംഘിച്ചാലുള്ള അനന്തരഫലവുംകൂടി ദൈവം സൂചിപ്പിച്ചിട്ടുണ്ട്, എന്നിട്ട് പറയുന്നു അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ പിൻതുടരുമെന്ന്. ഇവിടെ, നമ്മൾ കാണുന്നത് ഒരു പ്രത്യേക തലമുറ അന്യദൈവങ്ങളെയും വിഗ്രഹങ്ങളെയും നമസ്കരിക്കുകയാണെങ്കിൽ, അത് അകൃത്യത്തിനു വാതിൽ തുറന്നുകൊടുക്കുന്നു, അവരുടെ ജീവിതങ്ങളിൽ പ്രവേശിക്കുന്നതിനും തുടർച്ചയായുള്ള തലമുറകളിൽ പ്രവേശിക്കുന്നതിനും. ഇത് ഞങ്ങൾ സൂചിപ്പിക്കുന്നത് "തലമുറയായിട്ടുള്ള അടിമത്തം" എന്നാണ്.

ഇത് ആദ്യത്തെ സമയമാണ് തലമുറയായിട്ടുള്ള അടിമത്തം

എന്ന ആശയം സൂചിപ്പിച്ചിരിക്കുന്നത്. ഇത് ദൈവം തന്നെയാണ് ആശയം പകർന്നിരിക്കുന്നതെന്ന് അറിയുന്നത് പ്രാധാന്യമാണ്. എന്നാൽ, തലമുറയായിട്ടുള്ള അടിമത്തം എന്ന ആശയം ഭയത്തിൽ വച്ചിരിക്കുന്ന ജനങ്ങൾ വച്ചിരിക്കുന്ന ഒരു തോന്നൽ അല്ല. അല്ലെങ്കിൽ ജനങ്ങളെ ഭയത്തിലൂടെ കൈകാര്യം ചെയ്യുവാൻ ശ്രമിച്ച നേതാക്കന്മാരാൽ അല്ല. ഇത് ദൈവമായ കർത്താവാണ് തന്റെ ജനങ്ങൾക്ക് താക്കീത് നൽകിയത്, തലമുറതലമുറയായി പ്രവേശിക്കപ്പെടുന്ന അകൃത്യത്തെപ്പറ്റി.

ഈ ചിന്തകൾ മിക്കവാറും വേറെ നാലു സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ ഒരു ദൈവശാസ്ത്രം വികസിപ്പിക്കുകയല്ല, വേദപുസ്തകത്തിലെ ഒറ്റപ്പെട്ട ഒരു ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ. തിരുവെഴുത്തിൽ ഇത് ആവർത്തിച്ചിരിക്കുന്ന മറ്റു സ്ഥലങ്ങൾ ഇതാ:

**"ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മൂന്നാമത്തേയും നാലാമത്തേയും തലമുറയോളം സന്ദർശിക്കുന്നവൻ" (പുറപ്പാട് 34:7).**

**"യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ; അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ; കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെമേൽ സന്ദർശിക്കുന്നവൻ" (സംഖ്യാപുസ്തകം 14:17).**

**"അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്; നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും." (ആവർത്തനപുസ്തകം 5:9).**

**"നീ ആയിരം തലമുറയോളം ദയ കാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിനു അവരുടെശേഷം അവരുടെ മക്കളുടെ മാർവിടത്തിൽ പകരം**

തലമുറയായിട്ടുള്ള ഒരു അടിമത്തം എന്താണ്?

**കൊടുക്കയും ചെയ്യുന്നു; മഹത്വവും വല്ലഭത്വവും ഉള്ള ദൈവമേ, സൈന്യങ്ങളുടെ യഹോവ എന്നല്ലോ നിന്റെ നാമം" (യിരെമ്യാവു 32:18).**

## വിഗ്രഹാരാധന

വിഗ്രഹാരാധന തെറ്റാണ്. ഒരു വിഗ്രഹത്തെ ആരാധിക്കുന്നത് ദൈവം വിലക്കുന്നു. കൊത്തുപണി ചെയ്തതോ, കടലാസുകൊണ്ടുണ്ടാക്കിയതോ, ഇലക്ട്രോണു കൊണ്ടുണ്ടാക്കിയതോ ആയ പ്രതിമയെ നമ്മൾ ആരാധിക്കുവാൻ പാടില്ല, സത്യമായും ജീവിക്കുന്നതുമായ ദൈവത്തെമാത്രം, സത്യത്തിലും ആത്മാവിലും ആരാധിക്കണം. അതുകൊണ്ട് നമുക്ക് പ്രധാനപ്പെട്ട ചില ചോദ്യങ്ങൾ ചോദിക്കുവാൻ കഴിയും:

- ഒരു വിഗ്രഹത്തെയോ പ്രതിമയെയോ നമസ്കരിക്കുന്നതിൽ എന്താണ് തെറ്റ് - യേശുവിന്റെയോ, ചില വിശുദ്ധന്മാരുടെയോ അല്ലെങ്കിൽ വേറെ ഏതെങ്കിലുമോ?
- യേശുവിന്റെ ഒരു ചിത്രത്തെ ആരാധിക്കുന്നതിൽ എന്താണ് തെറ്റ്?

വിഗ്രഹങ്ങളെ ആരാധിക്കുന്നതിനെക്കുറിച്ച് തിരുവെഴുത്ത് എന്താണ് പറയുന്നതെന്ന് നമുക്ക് പരിഗണിക്കാം.

**"ഞാൻ പറയുന്നത് എന്ത്? വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നോ? അല്ല, ജാതികൾ ബലികഴിക്കുന്നത് ദൈവത്തിനല്ല ഭൂതങ്ങൾക്ക് കഴിക്കുന്നു എന്നത്രേ; എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികളാകുവാൻ എനിക്ക് മനസ്സില്ല. നിങ്ങൾ കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല. അല്ല, നാം കർത്താവിനു ക്രോധം ജ്വലിപ്പിക്കുന്നുവോ? അവനേക്കാൾ നാം ബലവാന്മാരോ (1 കൊറിന്ത്യർ 10:19–22).**

തിരുവെഴുത്തുകൾ അനുസരിച്ച് ഒരു വിഗ്രഹത്തിന്

യാതൊരു അർത്ഥവും ഇല്ല. എന്നാൽ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ യാഗം അർപ്പിച്ച കാര്യങ്ങൾ യഥാർത്ഥമായി ഭൂതങ്ങൾക്കാണ് യാഗം അർപ്പിക്കുന്നത്, ജീവനുള്ള ദൈവത്തിനല്ല. ഇത് ഭൂതങ്ങളുമായിട്ടുള്ള കൂട്ടായ്മയിലേക്കു ഒരുവനെ നയിക്കുന്നു, അവരുടെ ജീവിതങ്ങളിലേക്കു സാത്താന്യശക്തികൾക്ക് പ്രവേശനം കൊടുക്കുന്നു. ദൈവത്തെ നമ്മൾ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ, നമുക്ക് ജീവനുള്ള ദൈവവുമായിട്ടാണ് കൂട്ടായ്മയുള്ളത്, അവനു നമ്മുടെ ഹൃദയങ്ങളിലേക്കും ജീവിതങ്ങളിലേക്കും പ്രവേശനം ഉണ്ട്. ഇതേ രീതിയിൽ തന്നെ, ഒരു വ്യക്തി ഒരു വിഗ്രഹത്തെ നമസ്കരിക്കുകയോ ആരാധിക്കുകയോ ചെയ്യുമ്പോൾ, യാഗങ്ങൾ അർപ്പിക്കുമ്പോൾ, ആ വിഗ്രഹങ്ങൾക്കു പിമ്പിലുള്ള സാത്താന്യശക്തികളുമായി അവർ കൂട്ടായ്മ ഉണ്ടാക്കുവാൻ തുടങ്ങുന്നു. അങ്ങനെ അവരുടെ ജീവിതങ്ങളിൽ ആ ശക്തികൾക്കു പ്രവേശനം കൊടുക്കുന്നു.

## താക്കീതിന്റെ ഒരു വാക്ക്

സ്നേഹത്തോടും ക്ഷമാശീലത്തോടും നമ്മൾ സത്യം സംസാരിക്കേണ്ടത് ആവശ്യമാണ്. നമ്മൾ ഈ സത്യങ്ങൾ നമ്മുടെ കൂട്ടുകാരുമായി പങ്കുവയ്ക്കുമ്പോൾ, അവർ ഭയഭക്തിയോടെ വിഗ്രഹങ്ങളെ വച്ചിട്ടുണ്ടായിരിക്കാം.

**"ജ്ഞാനഹൃദയൻ വിവേകി എന്നു വിളിക്കപ്പെടും; അധരമാധുര്യം വിദ്യയെ വർദ്ധിപ്പിക്കുന്നു" (സദൃശവാക്യങ്ങൾ 16:21).**

വിഗ്രഹങ്ങളെപ്പറ്റി ആവർത്തനം 7ൽ ദൈവം തന്റെ ജനങ്ങൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്നു.

**"അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ട് ചുട്ടുകളയണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിൻമേലുള്ള വെള്ളിയും പൊന്നും മോഹിച്ച് എടുത്തുകൊള്ളരുത്; അത് നിന്റെ ദൈവമായ യഹോവയ്ക്ക് അറപ്പാകുന്നു. നീയും**

തലമുറയായിട്ടുള്ള ഒരു അടിമത്തം എന്താണ്?

**അതുപോലെ ശാപമായിത്തീരാതിരിക്കേണ്ടതിന് അറപ്പായുള്ളത് നിന്റെ വീട്ടിൽ കൊണ്ടുപോകരുത്; അതു നിനക്ക് തീരെ അറപ്പും വെറുപ്പുമായിരിക്കണം; അതു ശാപഗ്രസ്തമല്ലോ." (ആവർത്തനപുസ്തകം 7:25–26).**

ദൈവം തന്റെ ജനത്തിന് താക്കീത് കൊടുക്കുന്നു, ശാപഗ്രസ്തമായ ഒരു കാര്യം അവരുടെ ഭവനങ്ങളിൽ കൊണ്ടുപോകുന്നതിനെപ്പറ്റി. വിലയേറിയ ആഭരണങ്ങൾ, അത് പ്രതിമയെ അലങ്കരിച്ചിരുന്നതായിരിക്കാം, അതുപോലും കൊണ്ടുവരുന്നതിന് അവർക്ക് അനുവാദം ഇല്ലായിരുന്നു. അങ്ങനെയുള്ള കാര്യങ്ങൾ ദൈവത്തിന്റെ മുമ്പാകെ കൊടിയ അറപ്പാണ് – ദൈവം തീരെ വെറുത്ത ചിലത്.ശാപഗ്രസ്തമായ കാര്യങ്ങൾ എടുത്തവർ, വിഗ്രഹങ്ങളോട് ബന്ധപ്പെട്ടിരുന്ന ശക്തികൾ മൂലം അടിമത്തത്തിൽ ആക്കപ്പെടും. അവരുടെ ജീവിതങ്ങളിൽ അടിമത്തവും സംഹാരവും പ്രവേശിക്കുവാൻ പ്രാബല്യം നേടും. വിഗ്രഹങ്ങളെ ആരാധിക്കുന്നത് തെറ്റാണെന്നുള്ളതിന് വേറൊരു കാരണമാണിത്. വിഗ്രഹത്തിനു പുറകിലുള്ള ശക്തികൾ നമ്മെ അടിമത്തത്തിലാക്കും, നമ്മളും വിഗ്രഹങ്ങളെ പോലെയുള്ള അതേ സംഹാരത്തിനുള്ള ശിക്ഷാവിധിയിൽ ആകും, ഈ കാര്യങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ നിർദ്ദേശങ്ങൾ നമ്മൾ അനുസരിച്ചില്ലെങ്കിൽ.

> നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സ്ഥാനം എടുക്കുന്നതെല്ലാം വിഗ്രഹം ആകുവാൻ കഴിയും.

നമ്മൾ എന്ത് ആരാധിക്കുന്നുവോ അതുപോലെ നമ്മളും ആയിത്തീരും. "അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെ ആകുന്നു; അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെതന്നെ" (സങ്കീർത്തനങ്ങൾ 115:8). നമ്മൾ ആരാധിക്കുന്ന വസ്തുവിനെപ്പോലെ നമ്മളെ കൈക്കൊള്ളുന്നു. ഒരു വിഗ്രഹത്തെ നമ്മൾ നമസ്കരിച്ച് ശുശ്രൂഷിക്കുമ്പോൾ, ആ വിഗ്രഹത്തിലൂടെ

പ്രവർത്തിക്കുന്നതായ ആത്മാവ് നമ്മുടെ ജീവിതങ്ങളിൽ കാലുറപ്പിക്കാവുന്നിടം ആർജ്ജിക്കുന്നു (സ്വാധീനം ചെലുത്താവുന്ന ഒരു സ്ഥലം), നമ്മളെ അടിമത്തത്തിൽ ആക്കി വയ്ക്കുന്നു, തുടർച്ചയായി അതിനെ നമസ്കരിക്കുവാൻ നമ്മളെ ആക്കിത്തീർക്കുന്നു. ഇത് നമ്മിൽനിന്നും നമ്മുടെ മക്കളിലേക്ക് പ്രവേശിക്കുന്നു, പിന്നീട് അവരുടെ തലമുറയിലേക്കും, നമ്മുടെ കുടുംബവൃക്ഷത്തിലൂടെ താഴോട്ട്, അവയെ നമസ്കരിക്കുവാൻ അവരെ കാരണമാക്കുന്നു.

## വ്യക്തിപരമായ അടിമത്തത്തിനു എതിരായി കളിക്കുന്ന തലമുറയായുള്ള അടിമത്തം

നമ്മുടെ ജീവിതങ്ങളിൽ നമ്മൾ പ്രവേശനം കൊടുപ്പിച്ച അകൃത്യങ്ങൾ, അത് ഇന്നു നമ്മളെ ബാധിച്ചിരിക്കുന്നത് എന്താണോ അതാണ് വ്യക്തിപരമായ അടിമത്തം എന്നു നമ്മൾ പരാമർശിക്കുന്നത്. നമ്മുടെ ജീവിതങ്ങളിന്മേൽ അതിന്റെ ശക്തിയെ ഉടച്ചു മാറ്റുന്നില്ലായെങ്കിൽ, നമ്മുടെ തുടർന്നുള്ള തലമുറകളിൽ അതിനു പ്രവേശിക്കുവാൻ പ്രബലതയുണ്ട്. തുടർന്നുള്ള തലമുറകളിലേക്ക് ഇത് പ്രവേശിക്കുകയാണെങ്കിൽ നമ്മൾ അതിനെ പരാമർശിക്കുന്നത് തലമുറകളുടെ അടിമത്തം എന്നാണ്. ചിലർ തലമുറകളുടെ അടിമത്തത്താൽ കഷ്ടം അനുഭവിക്കുന്നുണ്ടായിരിക്കാം, അത് അവർക്ക് അനന്തരാവകാശമായി ലഭിച്ചത്, അത് അനിവാര്യമായിട്ട് ചിലത് യഥാർത്ഥമായി തങ്ങളുടെ ജീവിതങ്ങളിൽ അനുവദിച്ചതായിരിക്കുകയില്ല. നേരത്തെ പ്രസ്താവിച്ചതുപോലെ, ഈ അടിമത്തങ്ങൾ പലതരത്തിലുള്ള കാര്യങ്ങളാൽ ആയിരിക്കുവാൻ കഴിയും. പാപമായ പെരുമാറ്റം, ജീവിതശൈലി മാതൃക - ഭോഷ്ക് പറയുന്നത്, കബളിപ്പിക്കുന്നത്, കോപം, അക്രമം, ചൂതാട്ടം, മദ്യപാനം, മയക്കുമരുന്നിന് അടിമപ്പെടൽ, വ്യഭിചാരം, സദാചാരവിരുദ്ധമായത്, നശിപ്പിക്കുന്ന വ്യക്തിത്വം, ദുർവിനിയോഗം ചെയ്യൽ, ആത്മഹത്യാപ്രേരണ, എപ്പോഴും ജോലി ചെയ്യുന്ന സ്വഭാവം

അങ്ങനെ മറ്റു പലതും. ജീവിതത്തിലെ മറ്റുള്ള പ്രശ്നങ്ങൾ – തുടർച്ചയായുള്ള രോഗങ്ങൾ, വിവാഹമോചനം, ധനപരമായ പാപ്പരത്തം, വ്യവസായത്തിൽ തുടർച്ചയായുള്ള പരാജയങ്ങൾ, മറ്റു സ്ഥാനങ്ങളിൽ തോൽവികൾ, വിഷാദം, മാനസിക/വികാരപരമായ തകർച്ച, അവിവേകമായ ഭയം, സുരക്ഷയില്ലായ്മ, മോശമായ സ്വയപ്രതിബിംബം പരിത്യജിക്കൽ, പട്ടിണി, ഭക്ഷണം കഴിക്കുന്നതിൽ താറുമാറ്, വിവാഹത്തിലൂടെയല്ലാതെ കുട്ടികൾ ജനിക്കുന്നത്, ശാരീരികമായും വികാരപരമായും പ്രവർത്തിക്കാതിരിക്കുന്നത്, പ്രസവിക്കാത്ത അവസ്ഥ, ഗർഭം അലസൽ, തുടർച്ചയായുള്ള അപകടങ്ങൾ, 'അപകടശീലം' ഉണ്ടായിരിക്കുക, പ്രകൃതിവിരുദ്ധമായും അസമയത്തും ഉള്ള മരണം, ഇങ്ങനെ പലതും അടിമത്തത്തിൽനിന്നും ആയിരിക്കുവാൻ കഴിയും.

ഇവിടെ ഞങ്ങളുടെ ഉദ്ദേശ്യം വ്യക്തിപരമായും തലമുറയായിട്ടുമുള്ള അടിമത്തങ്ങളെ എങ്ങനെയാണ് വേർപ്പെടുത്തുന്നതെന്ന് പഠിക്കുകയാണ്.

## വിഗ്രഹാരാധനയായ അത്യാഗ്രഹം വിഗ്രഹാരാധനയാണ്

വിഗ്രഹങ്ങളെയും പ്രതിമകളെയും നമസ്കരിക്കുന്നത് വിഗ്രഹാരാധനയാണെന്നാണ് പഴയ നിയമത്തിൽ പരമാർശിച്ചിരിക്കുന്നത്. എന്നാൽ പുതിയനിയമത്തിൽ ഇത് ചെറുതായി വിശാലമായിട്ടുള്ള ഒരു ചിത്രത്തിലേക്കാണ് എടുക്കുന്നത്. അവിടെ വിഗ്രഹാരാധനയായ അത്യാഗ്രഹത്തെ സൂചിപ്പിച്ചിരിക്കുന്നത് വിഗ്രഹാരാധനയുടെ ഒരു രൂപം എന്നാണ്.

**"ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ" (കൊലൊസ്യർ 3:5).**

**"ദുർന്നടപ്പുക്കാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ" (എഫെസ്യർ 5:5).**

ഏതു വിധത്തിലുള്ള വിഗ്രഹാരാധനയായ ദ്രവ്യാഗ്രഹവും അല്ലെങ്കിൽ നിയന്ത്രണശക്തിയില്ലാത്ത കാമാന്ധതയും വിഗ്രഹാ രാധനക്കു തുല്ല്യമാണ്. ഉദാഹരണമായി, ഒരു വ്യക്തിക്കു നിയ ന്ത്രണശക്തിയില്ലാത്തൊരു ആഗ്രഹം ഉണ്ടെങ്കിൽ - ലഹരി കഴി ക്കുന്ന ദുശ്ശീലം-അതും വിഗ്രഹാരാധനയായിട്ടാണ് പരിഗണിക്കു ന്നത്, അതിനും അതേ പരിണിതഫലമാണുള്ളത്. ലഹരി കഴി ക്കുന്ന ദുശ്ശീലം ഉൾക്കൊള്ളുന്നത് ജഡപദാർത്ഥം ദുർവിനിയോഗം ചെയ്യുക, അസഭ്യചിത്രം, മദ്യം, സദാചാരവിരുദ്ധമായ ജീവിത ശൈലി മുതലായവയാണ്. വിഗ്രഹാരാധനയുമായി ചേർക്കപ്പെട്ട അതേ ആത്മാക്കൾ പ്രവർത്തിക്കുവാൻ ശക്തരായിത്തീരുവാൻ കഴിയും, വ്യക്തിയെ അടിമത്തത്തിലാക്കുവാൻ കഴിയും. അതു കൊണ്ട് നമ്മുടെ ഭവനങ്ങളിൽ യഥാർത്ഥമായും വിഗ്രഹങ്ങൾ ഇല്ലെങ്കിലും നമ്മുടെ ഹൃദയങ്ങളിൽ വിഗ്രഹാരാധനയായ ദ്രവ്യാ ഗ്രഹം ഉണ്ടോയെന്ന് പരിശോധിക്കണം.

## തലമുറയായിട്ടുള്ള അനുഗ്രഹങ്ങൾ

മറ്റൊരു വശത്ത്, വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു തലമുറ യായിട്ടുള്ള അനുഗ്രഹത്തെപ്പറ്റി. അബ്രാഹാമിന്റെ ജീവിതത്തിൽ തലമുറകളുടെ അനുഗ്രഹത്തിന്റെ വലിയൊരു ഉദാഹരണം നമുക്കു കാണുവാൻ കഴിയും. അവിടെ ദൈവം അവനോട് പറ യുന്നു. അവനും അവന്റെ എല്ലാ തലമുറകളും അവനുശേഷം അനു ഗ്രഹം സ്വീകരിക്കുമെന്ന്.

**"ഞാൻ നിനക്കും നിന്റെശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേ ണ്ടതിന് ഞാൻ എനിക്കും നിനക്കും നിന്റെശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും" (ഉ ൽപത്തി 17:7).**

**"ഞാൻ അവരോട് ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു: നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും നിന്റെ സന്തതിയുടെ**

**വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽനിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 59:21).**

സത്യമായതും ജീവിക്കുന്നതുമായ ദൈവത്തോട് ഒരു നിയമം ഉണ്ടാക്കിയിരിക്കുന്നതിനാൽ തലമുറകൾക്കായിട്ടുള്ള അനുഗ്രഹത്തിന്റെ ഫലം കൊണ്ടുവന്നു.

നമുക്കു തലമുറയായിട്ടുള്ള അനുഗ്രഹങ്ങളോ തലമുറയായിട്ടുള്ള അടിമത്തങ്ങളോ തുടങ്ങിവയ്ക്കുന്നവരോ വ്യാപിപ്പിക്കുന്നവരോ ആയിരിക്കുവാൻ കഴിയും.

# 2

# അകൃത്യവും പാപവും

## അകൃത്യം എതിർ പാപം

'അകൃത്യം,' 'പാപം' എന്നീ വാക്കുകൾ ഗ്രഹിക്കുന്നത് തലമുറയായിട്ടുള്ള അടിമത്തത്തെ കൂടുതൽ നല്ലതായി ഗ്രഹിക്കുവാൻ നമ്മളെ സഹായിക്കും. രണ്ടു വാക്കുകളും തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്നു.

**"കർത്താവേ, നിനക്കു എന്നോട് കൃപയുണ്ടെങ്കിൽ കർത്താവ് ഞങ്ങളുടെ മദ്ധ്യേ നടക്കണമേ. ഇത് ദുശ്ശാഠ്യമുള്ള ജനം തന്നെഎങ്കിലും ഞങ്ങളുടെ അകൃത്യവും പാപവും ക്ഷമിച്ച് ഞങ്ങളെ നിന്റെ അവകാശമാക്കണമേ എന്നു പറഞ്ഞു (പുറപ്പാട് 34:9).**

എബ്രായഭാഷയിൽ 'അകൃത്യത്തിനുള്ള' വാക്ക് 'ആവോൻ' അർത്ഥമാക്കുന്നത് വിപരീതബുദ്ധിയായതെന്നാണ്. അതുപോലെ 'പാപത്തിന്' 'കട്ടാവാ' അർത്ഥമാക്കുന്നത് കുറ്റം. പൊതുവായി നമുക്ക് താഴെ പറയുന്ന അവലോകനം ഉണ്ടാക്കുവാൻ കഴിയും: 'അകൃത്യം' ഒരുവന്റെ പ്രകൃതിയുമായിട്ടു ചെയ്യുന്നതാണ്, നമ്മളിൽ ഉള്ള ചിലത് അത് നമ്മളെ പാപപ്രവൃത്തി ചെയ്യിക്കുവാൻ കാരണമാകുന്നു. അതേ സമയം 'പാപം' തെറ്റു ചെയ്യുന്ന പ്രവൃത്തി. ഇത് പ്രവൃത്തിയാകുന്നു. അത് വിട്ടുകളയുന്ന ലക്ഷണം അല്ലെങ്കിൽ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നു.

## അകൃത്യം തലമുറകളിലൂടെ താഴോട്ട് പ്രവേശിക്കുന്നു

ദൈവം പറഞ്ഞു അകൃത്യമാണ് ഒരു തലമുറയിൽനിന്നും അടുത്ത തലമുറയിലേക്ക് പ്രവേശിക്കുന്നതെന്ന്. ആരെങ്കിലും ഒരാൾ ഒരു പാപം ചെയ്യുന്നു എന്നാൽ പാപം ചെയ്യുന്നതിന് അവനെ പ്രേരിപ്പിച്ച അകൃത്യം, അതാണ് തലമുറകളിലൂടെ പ്രവേശിപ്പിക്കപ്പെടുന്നത്.

വിലാപങ്ങൾ 5ൽ നമ്മൾ വായിക്കുന്നു. പിതാക്കന്മാരെ പാപം ചെയ്യുന്നതിന് കാരണമാക്കിയ അകൃത്യം അവരുടെ മക്കളിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു.

**"ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്ത് ഇല്ലാതെയായിരിക്കുന്നു; അവരുടെ അകൃതൃങ്ങൾ ഞങ്ങൾ ചുമക്കുന്നു" (വിലാപങ്ങൾ 5:7).**

**"അയ്യോ, യഹോവയായ കർത്താവേ, നിന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭുജംകൊണ്ടും നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി; നിനക്ക് അസാദ്ധ്യമായത് ഒന്നുമില്ല. നീ ആയിരം തലമുറയോളം ദയകാണിക്കുകയും പിതാക്കന്മാരുടെ അകൃത്യത്തിനു അവരുടെശേഷം അവരുടെ മക്കളുടെ മാർവിടത്തിൽ പകരം കൊടുക്കയും ചെയ്യുന്നു. മഹത്വവും വല്ലഭത്വവുമുള്ള ദൈവമേ, സൈന്യങ്ങളുടെ യഹോവ എന്നല്ലോ നിന്റെ നാമം"(യിരെമ്യാവു 32:17–18).**

**"ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീർത്തനങ്ങൾ 51:5).**

നാം ജനിച്ച സമയം മുതൽപോലും അകൃത്യം നമ്മിലേക്കു പ്രവേശിക്കപ്പെട്ടിരിക്കുന്നു.

## ഇത് അനുവദിക്കുവാൻ ദൈവം നീതിബോധമുള്ള ദൈവമല്ലയോ?

ഇത് നീതിയുക്തമല്ലാത്തതായി കാണുന്നു, മുമ്പിലുള്ള ഒരു തലമുറയിലെ ഒരു പൂർവ്വികൻ എന്താണ് ചെയ്തത്, അതിന്റെ പരിണിതഫലംമൂലം ഒരുവൻ കഷ്ടം അനുഭവിക്കുന്നത്. എങ്ങനെയാണ് ഒരുവന് ഇതു വിശദീകരിക്കുവാൻ കഴിയുന്നത്?

പിതാക്കന്മാരുടെ അകൃത്യം മക്കളെ ബാധിക്കുന്നതിലും, കൊച്ചുമക്കളെ ബാധിക്കുന്നതിലും അങ്ങനെ തലമുറകളെ ബാധിക്കുന്നതിലും ദൈവം നീതിയുക്തമല്ലാത്തതായി പ്രത്യക്ഷപ്പെട്ടേക്കാം.എന്നുതന്നെയല്ല നമ്മൾ വേറെ സ്ഥലങ്ങളിൽ വായിക്കുന്നു

അവിടെ ദൈവം വളരെ വ്യക്തമായി അരുളിചെയ്യുന്നു, പാപം ചെയ്യുന്ന ദേഹി മരിക്കുമെന്ന്. രണ്ട് തിരുവെഴുത്തുകളെ നോക്കുക:

**"മക്കൾക്കു പകരം അപ്പന്മാരും അപ്പന്മാർക്കു പകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താന്റെ പാപത്തിന് താന്താൻ മരണശിക്ഷ അനുഭവിക്കണം" (ആവർത്തനപുസ്തകം 24:16).**

**"യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്ന് മക്കളുടെ പല്ല് പുളിച്ചു എന്നു നിങ്ങൾ യിസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ല് പറയുന്നത് എന്ത്? എന്നാണ, നിങ്ങൾ ഇനി യിസ്രായേലിൽ ഈ പഴഞ്ചൊല്ല് പറവാൻ ഇടവരികയില്ല എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. സകല ദേഹികളും എനിക്കുളളവർ; അപ്പന്റെ പ്രാണനും മകന്റെ പ്രാണനും ഒരുപോലെ എനിക്കുള്ളത്; പാപം ചെയ്യുന്ന ദേഹി മരിക്കും." "മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെമേലും ഇരിക്കും" (യെഹെസ്കേൽ 18:1–4,20).**

അപ്പന്മാരെ മരണത്തിനു ഏല്പിക്കയില്ല മക്കൾക്കുവേണ്ടി. ഓരോരുത്തരെയും മരണത്തിനു ഏല്പിക്കുന്നത് അവരുടെ സ്വന്ത പാപങ്ങൾക്കു വേണ്ടിയാണ്. ഇവിടെ എബ്രായഭാഷയിൽ "പാപ" ത്തിനുള്ള വാക്ക് 'കാട്ടേ' എന്നാണ്, അർത്ഥമാക്കുന്നത് അപരാധം എന്നാണ്.

ഇത് കുഴക്കുന്നതാക്കുവാൻ കഴിയും. അവിടെ മിക്കവാറും അഞ്ചു വാകൃങ്ങൾ പറയുന്നത്, അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെമേലും സന്ദർശിക്കുമെന്നും, ഇവിടെ ഈ രണ്ടു വാകൃങ്ങൾ കാണുന്നത് മിക്കവാറും വിപരീതമായിട്ടുമാണ്. കൂടുതൽ നല്ലതായ ഒരു വിവേകത്തിനായി, അകൃത്യവും പാപവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് നമ്മൾ ഓർത്തുനോക്കേണ്ടത് ആവശ്യമാണ്.

## ദൈവം ധാർമികത്വമുള്ള ഒരു ദൈവമാണ്

ദൈവം ധാർമികത്വമുള്ള ഒരു ദൈവമാണ്. ദൈവം ധാർമികത്വമുള്ള ദൈവമാണ്, അവനിൽ ഒരു അനീതിയും ഇല്ല എന്നുള്ളത് ചോദ്യം ചെയ്യാൻ പാടില്ലാത്ത സത്യമാണ്. നമ്മൾ ഗ്രഹിക്കേണ്ടതാവശ്യമാണ്, കോടതിക്ക് അനുയോജ്യമായി 'ശിക്ഷ' വിധിക്കുന്നതും തെറ്റായ പ്രവൃത്തി ചെയ്യുന്നതിന്റെ 'പരിണിതഫല'ത്തിന്റെ പ്രത്യാഘാതവും തമ്മിലുള്ള വ്യത്യാസം. പാപത്തിന്റെ ശിക്ഷ ലഭിക്കുന്നത് പാപം ചെയ്ത വ്യക്തിക്കു തന്നെയാണ്. ആ പാപത്തിന്റെ പരിണിതഫലം അനേകം ജീവിതങ്ങളിൽ ശക്തിയായ സ്വാധീനം വരുത്തുവാൻ കഴിയും, പാപം ചെയ്ത വ്യക്തിയേക്കാളും.

ഒരു കുടുംബത്തെ ഉദാഹരണമായി പരിഗണിക്കുക, അവിടെ പിതാവ് വലിയൊരു സ്ഥാപനത്തിൽ ഒരു ഉയർന്ന ഓഫീസറാണ്. പിതാവ്, വിശ്വസിച്ചേല്പിച്ച വലിയ തുക അപഹരിക്കുന്നു, ദേശത്തിലെ നിയമപ്രകാരം കുറ്റക്കാരനെന്നു വിധിക്കുന്നു, 10 വർഷത്തെ ജയിൽ ശിക്ഷക്കു കോടതി വിധിക്കുന്നു. പാപത്തിനു അവൻ തന്നത്താൻ ശിക്ഷ അനുഭവിക്കുന്നു എന്നു വരികിലും, അത് 10 വർഷത്തെ ജയിൽവാസം, അവന്റെ കുടുംബം മുഴുവനും, അവന്റെ ഭാര്യ, അവന്റെ എല്ലാ മക്കളും അവന്റെ കൊച്ചുമക്കൾ പോലും - അവൻ ചെയ്ത കുറ്റത്തിന്റെ പരിണിതഫലം വഹിക്കേണ്ടിവരും.കുടുംബാംഗങ്ങൾ വികാരപരമായ വേദനയിലൂടെ കടന്നുപോകും,കുടുംബത്തിന്റെ കീർത്തി കറപ്പെടുത്തുവാൻ കഴിയും. പരിണിതഫലങ്ങൾ ശിക്ഷയേക്കാളും വളരെ അതിവ്യാപകമാണ്.

ആവർത്തനപുസ്തകം 24ലും യെഹെസ്കേൽ 18ലും ദൈവം പരാമർശിച്ചിരിക്കുന്നത് പാപത്തിന്റെ ശിക്ഷയെ പറ്റിയാണ് - "പാപം ചെയ്യുന്ന ദേഹി മരിക്കും" - എന്നാൽ മറ്റു അഞ്ചു പരാമർശങ്ങളിലും (പുറപ്പാട് 20:3–6; പുറപ്പാട് 34:7; സംഖ്യാപുസ്തകം 14:18; ആവർത്തനപുസ്തകം 5:9; യിരെമ്യാവ് 32:18) നമ്മൾ വായി

ക്കുന്നത് അകൃത്യം ഒരു തലമുറയിൽനിന്നും അടുത്ത തലമുറയിലേക്കു പ്രവേശിക്കുന്നതിനെ കുറിച്ചാണ്, നമ്മൾ പാപത്തിന്റെ പരിണിതഫലത്തെക്കുറിച്ചാണ് കൈകാര്യം ചെയ്യുന്നത്. അവിടെ തീർച്ചയായി ചില പാപങ്ങളുണ്ട് (ഉദാഹരണമായി വിഗ്രഹാരാധന) അതിന് ഒരു വ്യക്തി ആ പാപത്തിന്റെ ശിക്ഷ വഹിക്കുക മാത്രമല്ല, എന്നാൽ വലിയതായ ഒരു പരിണിതഫലവും അഭിമുഖീകരിക്കുന്നു. സാത്താന്യപ്രവർത്തനങ്ങൾക്ക് ഒരു വാതിൽ തുറക്കപ്പെടുന്നു, അത് ഒരു തലമുറയിൽനിന്നും അടുത്ത തലമുറയിലേക്ക് പ്രവേശിക്കുന്നു. ഓരോ തലമുറയും ഇതിന്റെ പരിണിതഫലം അനുഭവിക്കും. അതുകൊണ്ട് ദൈവം ധാർമികത്വമുള്ള ദൈവമാണ്, ദൈവം അധാർമികമായവരുടെ അപരാധത്തിനു ശിക്ഷ കൊടുക്കുന്നു, അവന്റെ പാപത്തിന്റെ പരിണിതഫലം, അവന്റെ അല്ലെങ്കിൽ അവളുടെ പിൻതുടർച്ചക്കാർക്കു പ്രവേശിപ്പിച്ചു കൊടുക്കുന്നു എന്നിരുന്നാലും, ദൈവം ഇടപെടുകയും വിലക്കുകയും ഇല്ല, ആരെങ്കിലും അധികാരം ഏറ്റെടുത്ത് സ്വാതന്ത്ര്യം അവകാശപ്പെടുന്നതുവരെ, തുടങ്ങിവച്ച അടിമത്തത്തെ വേർപ്പെടുത്തുന്നതിന്. സ്വാതന്ത്ര്യം പ്രാപിക്കേണ്ടതിന് ദൈവവചനം എന്തു പറയുന്നുവോ അത് നമ്മൾ ചെയ്യണം.

> പാപത്തിന്റെ ശിക്ഷ പാപം ചെയ്ത വ്യക്തി അനുഭവിക്കണം. ആ പാപത്തിന്റെ പരിണിതഫലം, പാപം ചെയ്ത വ്യക്തിയേക്കാളും, കൂടുതൽ ജീവിതങ്ങളിൽ ആഘാതം വരുത്തുവാൻ കഴിയും.

# 3

# കുടുംബ അടിമത്തങ്ങൾക്കു കതകുകൾ എന്തുകൊണ്ടാണ് തുറക്കപ്പെടുന്നത്?

## ശാപങ്ങൾക്ക് ഒരു കാരണമുണ്ട്

**"കുരികിൽ പാറിപ്പോകുന്നതും മീവൽപക്ഷി പറന്നുപോകുന്നതും പോലെ കാരണം കൂടാതെ ശാപം പറ്റുകയില്ല" (സദൃശവാക്യങ്ങൾ 26:2).**

ശാപങ്ങൾക്കു ഒരു കാരണം ഉണ്ട്. അവ വെറുതെ സംഭവിക്കുകയില്ല. കുരികിലും മീവൽപക്ഷികളും ക്രമമില്ലാതെ പറക്കുകയില്ല എന്നാൽ അവയെ വഴികാണിക്കുന്നത് "അകത്തുള്ള ഒരു മണ്ഢലം മൂലമാണ്. അതുപോലെ തന്നെ, ശാപങ്ങൾ അപകടങ്ങളാൽ ഇറങ്ങുകയില്ല; ഒരു ശാപത്തിന്റെ പിൻപിൽ സാധാരണയായി അവിടെ ഒരു കാരണമുണ്ട്. അതുകൊണ്ട് ശാപങ്ങൾ വ്യാപരിക്കുന്നത് എങ്ങനെയാണെന്നു നമ്മൾ ജാഗ്രതയുള്ളവരാണെങ്കിൽ,അവയെ തടയുന്നതിനാവശ്യമായ മുൻകരുതൽ എടുക്കേണ്ടത് എങ്ങനെയാണെന്ന് നമ്മൾ അറിയും. ചില കാരണങ്ങൾ നമുക്ക് പരിഗണിക്കാം അത് നമ്മുടെ ജീവിതങ്ങളിൽ അകൃത്യത്തിന് കതക് തുറക്കുന്നത്, തലമുറയായ അടിമത്തങ്ങൾക്കു കാരണമായിത്തീരുന്നത്.

## വിഗ്രഹങ്ങളെ ആരാധിക്കുന്നത്/തെറ്റായ ദൈവങ്ങളെ

പുസ്തകത്തിൽ ഇതു നേരത്തെ പരിശോധിച്ച് നോക്കിയിട്ടുണ്ട്. അകൃത്യം ഭാവിയിലെ തലമുറകളിൽ പ്രവേശിക്കപ്പെടും ഒരുവൻ തെറ്റായ ദൈവങ്ങളെ നമസ്കരിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ (പുറപ്പാട് 20:5)

## യാഗങ്ങളും സമർപ്പണങ്ങളും

ഒരുവൻ യാഗം അർപ്പിക്കുമ്പോൾ അല്ലെങ്കിൽ സമർപ്പിക്കുമ്പോൾ, ഒന്നുകിൽ അവരുടെ കുഞ്ഞിനെ അല്ലെങ്കിൽ കുടുംബത്തെ, സാത്താന്യ സ്വാധീനമുള്ള എന്തിനെങ്കിലും - ഇത് തെറ്റായ ഒരു

ദൈവമോ ദേവതയോ ആയിരിക്കുവാൻ കഴിയും - ഇത് കുടുംബ അടിമത്തത്തിന് വാതിൽ തുറക്കപ്പെടുന്നു.

## ശപഥം

ഒരു ശപഥം എന്നത് ഗൗരവമേറിയ വാഗ്ദാനം ആണ്. അതിനാൽ ഒരു വ്യക്തി തന്നെത്താൻ ഒരു പ്രവൃത്തിയോടോ, ശുശ്രൂഷയോടോ, അല്ലെങ്കിൽ അവസ്ഥയോടോ ബന്ധിക്കപ്പെടുന്നു. ശപഥങ്ങൾ നിഷേധരൂപമായത്, പൂർണ്ണപാപമായതും ഉടനെയോ,പിന്നീടോ സാത്താനു കൊടുക്കുന്നതാകുന്നു, സാത്താന്യപ്രവർത്തനങ്ങൾക്കും, അടിമത്തങ്ങൾക്കും വാതിൽ തുറക്കപ്പെടുന്നു. ഉദാഹരണമായി, എന്തെങ്കിലും ചെയ്യുന്നതിന് ഒരു വ്യക്തി ഒരു വിഗ്രഹത്തിനു മുമ്പാകെ ഒരു ശപഥം ചെയ്യുകയാണെങ്കിൽ, ഒരു പ്രത്യേക പ്രാർത്ഥനക്കു ഉത്തരം നൽകപ്പെട്ടെങ്കിൽ, ഈ ശപഥം തലമുറയായിട്ടുള്ള അടിമത്തത്തിനു വാതിൽ തുറന്നു കൊടുക്കുവാൻ കഴിയും.

## പാതകമായ പ്രവൃത്തികൾ

ഏറ്റുപറയാത്ത പാപം അവശേഷിക്കുന്നത് ഒരു തുറന്ന വാതിലായിട്ടാണ്, അതു സാത്താന്യപ്രവൃത്തികൾക്കു പ്രവേശനം കൊടുക്കുന്നു. ദാവീദുരാജാവ് ഇതിന് ഒരു ഉദാഹരണമാണ് (2 ശാമൂവേൽ 12) ബേത്ത്ശേബയ്ക്കുവേണ്ടിയുള്ള അവന്റെ ആഗ്രഹത്തിൽ, കുലപാതകവും വ്യഭിചാരവും ചെയ്തു. നാഥാൻ പ്രവാചകൻ ദാവീദിനു താക്കീതു കൊടുത്തു, ആ പാപപ്രവൃത്തികാരണം, വാൾ അവന്റെ ഭവനത്തിൽ നിന്നും വിട്ടുമാറത്തില്ലെന്ന്.

**“നീ യഹോവയുടെ കല്പന നിരസിച്ചു അവന് അനിഷ്ടമായുള്ളതു ചെയ്തത് എന്തിന്? ഹിത്യനായ ഊരീയാവെ വാൾ കൊണ്ടു വെട്ടി അവന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തു. അവനെ അമ്മോന്യരുടെ വാൾകൊണ്ടു കൊല്ലിച്ചു. നീ എന്നെ നിരസിച്ചു ഹിത്യനായ ഊരീയാവിന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തതുകൊണ്ട് വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല. യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: നിന്റെ സ്വന്തഗൃഹത്തിൽ നിന്ന് ഞാൻ നിനക്കു അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്ത് നിന്റെ കൂട്ടുകാരനു കൊടുക്കും; അവൻ ഈ സൂര്യന്റെ വെട്ടത്തുതന്നെ നിന്റെ**

**ഭാര്യമാരോടുകൂടെ ശയിക്കും. നീ അത് രഹസ്യത്തിൽ ചെയ്തു; ഞാനോ ഈ കാര്യം യിസ്രായേലൊക്കെയും കാൺകെ സൂര്യന്റെ വെട്ടത്തുതന്നെ നടത്തും. ദാവീദു നാഥാനോട്: ഞാൻ യഹോവയോട് പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതിനു നാഥാൻ ദാവീദിനോട്:യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു; നീ മരിക്കയില്ല" (2 ശമൂവേൽ 12:9–13).**

'വാളിനെ' പരാമർശിച്ചിരിക്കുന്നത് നശിപ്പിക്കലിനോടും, അക്രമത്തോടും, മരണത്തോടുമാണ്. അവന്റെ പാതകമായ പ്രവൃത്തി കാരണം, ദാവീദ് നശിപ്പിക്കലിനും, അക്രമത്തിനും, മരണത്തിനും വാതിൽ തുറന്നുകൊടുത്തു. ദാവീദിന്റെ മകൻ, ആമോൻ സ്വന്തസഹോദരിയെ മാനഭംഗപ്പെടുത്തി നിഷിദ്ധസംഗമം ചെയ്തു.അവന്റെ വേറൊരു മകൻ അബ്ശാലോം സ്വന്തപിതാവിന് എതിരായിട്ടു ഒരു മത്സരം നയിച്ചു.

പാതകമായ ഒരു പ്രവൃത്തിക്കു അതിന്റേതായ ഒരു പരിണിത ഫലം ഉണ്ട്, ചില സമയങ്ങളിൽ നമുക്ക് നിനയ്ക്കുവാൻ കഴിയുന്നതിലും അധികകാലത്തേക്കു നിലനിൽക്കും. ഉദാഹരണമായി, സ്വമേധയാ ഗർഭം അലസിപ്പിക്കൽ, നശിപ്പിക്കലിന്റെ ഒരു അകൃത്യത്തിനു വാതിൽ തുറക്കുവാൻ കഴിയും അവിടെ കാര്യങ്ങൾ നശിപ്പിക്കപ്പെടുവാൻ തുടങ്ങുന്നു. ഒരാൾ ഗർഭം അലസിപ്പിക്കുമ്പോൾ, മരണത്തിന്റെ ഒരു ആത്മാവിനു അവർക്കു വാതിൽ തുറന്നു കൊടുക്കുവാൻ കഴിയും, മറ്റു സ്ഥലങ്ങളിൽ നഷ്ടത്തിലേക്ക് നയിക്കുന്നതിനും, ഉദാഹരണമായി വ്യവസായം, ധനം അങ്ങനെ പലതും. ഏറ്റുപറയാത്ത പാപം സാത്താന്യപ്രവൃത്തികൾക്കു ഒരു തുറന്ന വാതിലായി നിൽക്കുന്നു. പാപം ഏറ്റുപറയേണ്ടതു നമുക്ക് മർമപ്രധാനമാണ്, അതുപോലെ നമ്മുടെ ജീവിതങ്ങളിൽ മാനസാന്തരവും പാപം എന്നെന്നേക്കുമായി ഉപേക്ഷിക്കുന്നതും. പാപത്തെ കീഴടക്കുന്നത് നമ്മുടെ ചുമതലയാണ്. അത് നമ്മുടെ ജീവിതങ്ങളിൽ പ്രവേശിക്കുന്നതിന് കാത്തിരിക്കുകയായിരിക്കാം. ഏതു തരത്തിലുള്ള സാത്താന്യപ്രവർത്തനങ്ങൾക്കും നമ്മൾ വാതിൽ അടക്കേണ്ടതും ആവശ്യമാണ്.

**"നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കു**

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

**ആകുന്നു; നീയോ അതിനെ കീഴടക്കണം എന്ന് കല്പിച്ചു (ഉല്പത്തി 4:7).**

ഉലപത്തി 4:7ൽ, ദൈവം കയീനോട് സംസാരിച്ചു, അവൻ വളരെ വിഷാദിച്ചിരുന്നപ്പോൾ അവന്റെ സഹോദരനെ കൊല്ലുവാൻ തയ്യാറായിരുന്നപ്പോൾ. ദൈവം അവന് താക്കീതു കൊടുത്തു പാപത്തെക്കുറിച്ച്, അത് അകത്തു പ്രവേശിക്കുവാൻ വാതിൽക്കൽ കാത്തിരിക്കുന്നത്. അതിനെ കീഴടക്കുവാൻ ദൈവം അവനോട് കല്പിച്ചു.എന്നാൽ പാപം പ്രവേശിക്കുവാൻ കയീൻ അനുവദിച്ചു അവൻ ഒരു കൊലപാതകിയായിത്തീർന്നു.

## മുറിവുണ്ടാക്കുന്ന സംഭവങ്ങളും അനുഭവങ്ങളും

വികാരപരമായ മുറിവുകൾക്കു നിഷേധരൂപത്തിലുള്ള വിപരീത ശക്തി നമ്മുടെ ജീവിതങ്ങളിൽ വിശദീകരിക്കാനാകാത്ത ഭയങ്ങൾക്ക് വാതിൽ തുറന്നുകൊടുക്കുവാൻ കഴിയും, അടുത്ത തലമുറകളിൽ അത് തുടർന്നുകൊണ്ടും പോയേക്കാം. ഉദാഹരണമായി, ഒരു കാറപകടത്തിൽ ഉണ്ടായിരുന്ന ഒരാൾ. വികാരപരമായി അസ്വസ്ഥനാകുവാൻ കഴിയും, ആ വ്യക്തിയുടെ ജീവിതത്തിൽ ഭയത്തിന്റെ ഒരു ആത്മാവിനു പ്രവേശനം ആർജ്ജിക്കുവാൻ കഴിയും. റോഡിലൂടെ യാത്ര ചെയ്യുന്നതിന് ആ വ്യക്തിക്ക് വലിയ ഭയമായിരിക്കാം, വീണ്ടും ഒരു കാറിനകത്ത് ഇരിക്കുന്നത് സുരക്ഷിതം അല്ലെന്നും തോന്നിയേക്കാം. ഈ ഭയം തുടർന്നുള്ള തലമുറകളിൽ പ്രവേശിക്കപ്പെട്ടേക്കാം, മറ്റു സ്ഥാനങ്ങളിലും കൂടെ ഭയമായി പ്രത്യക്ഷമായേക്കാം. പ്രിയപ്പെട്ട ഒരാളുടെ നഷ്ടം, അധാർമ്മിക രീതിയിൽ ഉപയോഗിക്കുന്നത്, ഖേദകരമായ സംഭവങ്ങൾക്ക് സാക്ഷിയാകുന്നത്, മറ്റുള്ള മുറിവുണ്ടാക്കുന്ന അനുഭവങ്ങൾക്ക് കാരണമായിരിക്കുവാൻ കഴിയും, അതു ജനങ്ങളെ അടിമത്തത്തിലേക്കു നയിക്കുന്നു.

## ശാപങ്ങളും ആഭിചാരകർമ്മവും

ശാപങ്ങളും ആഭിചാരകർമ്മങ്ങളും വ്യക്തമായി നമ്മുടെ ജീവിതങ്ങളിൽ തലമുറയായിട്ടുള്ള അടിമത്തത്തിനു വാതിൽ തുറക്കുന്നു. അവിടെ മിക്കവാറും മൂന്നു വഴികളിൽ അവ പ്രവർത്തനയോഗ്യമായിത്തീരുന്നു.

## സ്വയം അടിച്ചേൽപ്പിക്കുന്ന ശാപങ്ങൾ

അറിയാതെതന്നെ, നമ്മുടെ വാക്കുകൾ സ്വയം അടിച്ചേൽപ്പിക്കുന്ന ശാപങ്ങളുടെ അടിസ്ഥാനം ആയിരിക്കുവാൻ കഴിയും. അത്യന്തമായ സമ്മർദ്ദത്തിലും, കോപത്തിലും, പകയിലും, വ്രണപ്പെടുത്തലിലും, നിരാശയിലും നമ്മൾ ചില കാര്യങ്ങൾ സംസാരിച്ചേക്കാം. നമ്മുടെ സ്വന്തശരീരത്തെക്കുറിച്ചും, നമ്മുടെ നോട്ടത്തെക്കുറിച്ചും നമ്മുടെ വികാരങ്ങളെക്കുറിച്ചും അതുപോലെയുള്ള മറ്റു കാര്യങ്ങളെക്കുറിച്ചും നിഷേധാത്മകമായ കാര്യങ്ങൾ നമ്മൾ സംസാരിക്കുന്നത് നമ്മുടെമേൽ ഒരു ശാപമായിത്തീരുവാൻ കഴിയും. അതുപോലെ സ്വയം അടിച്ചേൽപ്പിക്കുന്ന ശാപങ്ങൾ ജനങ്ങളുമായി പരസ്പരം പ്രവർത്തനം നടത്തുന്നതിനുള്ള നമ്മുടെ കഴിവിന് ഭംഗം വരുത്തുവാൻ കഴിയും, ജീവിതത്തിലെ ചില അനുഭവങ്ങളെ ആസ്വദിക്കുന്നതിനും. ഉദാഹരണങ്ങളായി:

- “ഞാൻ എന്റെ പിതാവിനെപ്പോലെയോ മാതാവിനെപ്പോലെയോ ആയിരിക്കുകയില്ല” (തങ്ങളുടെ കുട്ടിക്കാലത്തെക്കുറിച്ച് സന്തോഷമില്ലാത്ത ഓർമ്മകൾ ഉള്ളവർ)
- “എനിക്കു ഒരിക്കലും കുട്ടികൾ ഉണ്ടായിരിക്കുകയില്ല.” (ആരെങ്കിലും ഒരു പ്രീസ്കൂളിൽ ജോലി ചെയ്യുന്നയാളോ, കുട്ടികളുമായിട്ട് ദുഷ്കരമായ സമയങ്ങളുള്ളവർ).
- “എന്റെ കുട്ടികൾ വളരെ അതിദാരുണമാണ്” (മാതാപിതാക്കൾ അവരുടെ കുട്ടികൾ അതിദാരുണമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അവർ അതിദാരുണമായിട്ട് ആയിത്തീർന്നേക്കാം).
- “ലൈംഗികജീവിതം ആനന്ദിക്കുവാൻ ഞാൻ ഒരിക്കലും എന്നെ അനുവദിക്കുകയില്ല” (ലൈംഗികമായോ, ശാരീരികമായോ അധാർമ്മികമായ രീതിയിൽ പീഡിപ്പിക്കപ്പെട്ടവർ).
- “ഞാൻ പുരുഷന്മാരെ വെറുക്കുന്നു” (സ്ത്രീകൾ).
- “ഞാൻ ഒരിക്കലും വേറൊരു പുരുഷനെ (സ്ത്രീയെ) വീണ്ടും

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

എന്നോട് അടുത്തുവരുവാൻ അനുവദിക്കുകയില്ല." (വേർപ്പെട്ട ഒരു ബന്ധത്തിനുശേഷം)

## മുമ്പുള്ള തലമുറകൾ ശാപങ്ങൾ ഏറ്റെടുത്തത്

ശാപങ്ങൾ മനസ്സോടെ ഏറ്റെടുത്ത മുമ്പുള്ള തലമുറ അങ്ങനെ തുടർന്നുള്ള തലമുറകൾ ബാധിക്കപ്പെട്ടത്

**"അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ എന്ന് ജനം ഒക്കെയും ഉത്തരം പറഞ്ഞു" (മത്തായി 27:25).**

## മന്ത്രങ്ങളും ആഭിചാരകർമ്മങ്ങളും വ്യക്തികളുടെ മേലും കുടുംബാംഗങ്ങളുടെമേലും ചെയ്യപ്പെട്ടത്

വ്യക്തികൾ ഗുപ്തമായി നടക്കുന്നവർ മനസ്സോടെ ഒന്നുകിൽ വ്യക്തികളുടെമേലോ അല്ലെങ്കിൽ മൊത്തം കുടുംബങ്ങളിൻ മേലോ മന്ത്രങ്ങൾ വെക്കും, ഇത് തലമുറകളുടെ അടിമത്തത്തിനു വാതിലുകൾ തുറക്കപ്പെടും.

## ഒരു കുടുംബ പൂർവ്വസ്വത്തിന്റെ (പദാർത്ഥം) സാന്നിദ്ധ്യം അത് ഒരു കൊടിയ അറപ്പായത്

എന്താണ് പരിഗണിക്കപ്പെടുന്നത്, പരമ്പരാഗതമായ കുടുംബസ്വത്തിന്റെ അത്ഭുതകരമായ ഒരു കഷ്ണം പോലെ, കുടുംബത്തിലുള്ള ഓരോരുത്തരും അത് ആഗ്രഹിക്കുന്നത്, അതിന്റെ ഫലത്തിൽ ശാപം കൊണ്ടുവരും. അത് തെറ്റായ ഒരു ദൈവത്തിന് സമർപ്പിച്ചിരുന്നുവെങ്കിൽ, ചില ഗുപ്തമായ പരിശീലനത്തിൽ. ഒരു പദാർത്ഥത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് അറിവില്ലാതിരിക്കുന്നതിനാൽ, അത് വീട്ടിൽ കൊണ്ടുവന്ന് അതിനെക്കൊണ്ടു വീടിനെ അലങ്കരിക്കുകയാണെങ്കിൽ അത് യഥാർത്ഥമായും അടിമത്തത്തിലേക്ക് നയിക്കുവാൻ കഴിയും.

**"അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ട് ചുട്ടുകളയണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ച് എടുത്തുകൊള്ളരുത്; അത് നിന്റെ ദൈവമായ യഹോവക്കു അറപ്പാകുന്നു. നീയും അതുപോലെ ശാപമായിത്തീരാതിരിക്കേണ്ടതിനു അറപ്പായുള്ളത്**

കുടുംബ അടിമത്തങ്ങൾക്കു കതകുകൾ എന്തുകൊണ്ടാണ് തുറക്കപ്പെടുന്നത്?

**നിന്റെ വീട്ടിൽ കൊണ്ടുപോകരുത്; അത് നിനക്ക് തീരെ അറപ്പും വെറുപ്പും ആയിരിക്കണം; അത് ശാപഗ്രസ്തമല്ലല്ലോ (ആവർത്തനപുസ്തകം 7:25–26).**

## കുടുംബനാഥന്മാരുടെ തീരുമാനങ്ങൾ (പിതാക്കന്മാരുടെ)

പിതാക്കന്മാർ എടുക്കുന്ന തീരുമാനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ് എന്തുകൊണ്ടെന്നാൽ അവർ ഭവനങ്ങളിലെ ആത്മീകതലയാണ്. അനേക അവസരങ്ങളിൽ, പൈതൃകമായ അടിമത്തങ്ങൾ ഗുപ്തമായി അന്തർഭവിപ്പിക്കുന്നതിൽനിന്നും നിസ്സംശയമായി മതപരമായ സംഘടനകളിൽനിന്നുമാണ്. ഒരു ജ്യോത്സ്യനെ സന്ദർശിക്കുന്നത് ദോഷമില്ലാത്തതായി കണ്ടേക്കാം എന്നാൽ, അതിന്റെ പ്രയോജനത്തിൽ തലമുറകളുടെ അടിമത്തത്തിനു വാതിൽ തുറന്നേക്കാം. ജ്യോത്സ്യത്തിൽ അകപ്പെടുന്നത്, കൈ നോക്കുന്നത്, ജാതകം, മോഹനിദ്ര, ഒരേ താൽപര്യങ്ങളുള്ള ആളുകൾ തമ്മിലുള്ള പരസ്പരാനുഭാവവും പരസ്പരധാരണയും, മന്ത്രതകിട് ധരിക്കുന്നത്, ജനനക്കല്ലുകൾ, വശീകരണം അങ്ങനെ പലതും, കുടുംബത്തലവനാൽ, മക്കളുടെ ജീവിതങ്ങളിൽ സാത്താന്യപ്രവർത്തനങ്ങൾക്കു വാതിൽ തുറക്കുവാൻ കഴിയും, പിൻകാലത്തെ തലമുറകളിലേക്കും പ്രവേശിച്ചേക്കും.

ശാപങ്ങൾക്കു ഒരു കാരണമുണ്ട്. അത് വെറുതെ അങ്ങനെ സംഭവിക്കുകയില്ല. സാധാരണയായി ശാപങ്ങൾക്കു പുറകിൽ ഒരു കാരണം ഉണ്ട്. ശാപങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെയാണെന്നു നമ്മൾ ജാഗ്രതയുള്ളവരായിരിക്കുമ്പോൾ, അവയെ തടയുവാൻ ആവശ്യമായ പ്രതിവിധികൾ എടുക്കേണ്ടത് എങ്ങനെയെന്ന് നമ്മൾ അറിയും.

# 4

# വ്യക്തിപരമായും കുടുംബപരമായും ഉള്ള അടിമത്തങ്ങൾ അംഗീകരിക്കുന്നത്

**"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10)**

നമുക്കു സമൃദ്ധിയായ ജീവൻ ഉണ്ടാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് - ജീവൻ പരമാവധിവരെ. മോഷ്ടിക്കുന്നതും, അറുക്കുന്നതും, മുടിക്കുന്നതും പിശാചാണ്.

കുടുംബഅടിമത്തങ്ങൾ ഒരു കുടുംബത്തിൽ പ്രവേശിക്കുന്നതിന്റെ പലതരത്തിലുള്ള വഴികളെ ഗ്രഹിച്ചതിനുശേഷം, നമ്മുടെ സ്വന്തജീവിതങ്ങളിലേക്കു നോക്കേണ്ടത് ആവശ്യമാണ്. നമ്മുടെ സ്വന്തകുടുംബങ്ങളിലേക്കും, തലമുറകളുടെ അടിമത്തത്തിന്റെ എന്തെങ്കിലും അടയാളം ഉണ്ടോയെന്ന് നോക്കാൻ. നമ്മുടെ ജീവിതങ്ങളുടെ ഒരു ആത്മീക വസ്തുവിവരപ്പട്ടിക നമുക്കു നിർവ്വഹിക്കാം,എന്നിട്ടു നടപടി എടുക്കാം, ഏതെങ്കിലും വ്യക്തിപരമായോ തലമുറകളുടേതോ ആയ അടിമത്തം നിലവിലിരിക്കുന്നുണ്ടെങ്കിൽ അതിനെ നശിപ്പിക്കുന്നതിന്.

## കാരണവും പ്രയോജനവും എല്ലായ്പ്പോഴും നേരെ ബന്ധപ്പെട്ടതായിരിക്കുകയില്ല

കാരണവും പ്രയോജനവും എല്ലായ്പ്പോഴും നേരെ ബന്ധപ്പെട്ടതായിരിക്കത്തില്ലെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഉദാഹരണമായി, ഒരു വ്യക്തിയുണ്ടായിരിക്കാം, അവന് അവന്റെ ജോലിയിൽ നിരുപാധികമായി നിൽക്കുവാൻ സാധിക്കുന്നില്ല. എല്ലാ ആറു മാസത്തിലും ഈ വ്യക്തി പുതിയ ഒരു ചുമതല ഏറ്റെടുക്കുന്നത് സാധ്യമാണ്. ഇതുപോലെയുള്ള ഒരവസ്ഥയിൽ, യഥാർത്ഥകാരണം എന്താണെന്നു ഒരാൾ ഒരു സൂക്ഷ്മപരിശോധന നടത്തേണ്ടത് ആവശ്യമാണ്. ഉദാഹരണമായി, ആ

വ്യക്തി ജനങ്ങളോട് വിദ്വേഷമുള്ളയാൾ ആണെന്ന് നമ്മൾ കണ്ടുപിടിച്ചേക്കാം, ഒടുവിൽ ജോലിസ്ഥലത്ത് ജനങ്ങളുമായി വഴക്കുണ്ടാക്കി അവസാനിപ്പിക്കുന്നു. സഹജോലിക്കാരോടുള്ള വിദ്വേഷമായിരിക്കാം കാരണം. എന്നാൽ, അതിന്റെ ഫലം ഒരു ജോലിയിൽ തുടരുവാൻ സാധിക്കുന്നില്ല എന്നതാണ്. ഈ വ്യക്തിയെ സഹജോലിക്കാരോട് വിദ്വേഷമുള്ളവനാക്കുവാൻ കാരണമാക്കുന്നത് അക്രമത്തിന്റെ ഒരു ആത്മാവിനാൽ ആയിരിക്കുവാൻ കഴിയും.

വേറൊരു ഉദാഹരണം പരിഗണിക്കുക. അവിടെ ഒരു കുടുംബത്തിൽ നിയന്ത്രിക്കുവാൻ പാടില്ലാത്ത കോപത്തിന്റെ തലമുറയായിട്ടുള്ള അടിമത്തം ഉണ്ട്. ഒരു ചെറുപ്പക്കാരൻ ഈ കുടുംബത്തിൽ വിവാഹിതനാകുന്നു, ഈ വിധത്തിലുള്ള പെരുമാറ്റംകൊണ്ട് മുമ്പോട്ട് പോകുന്നു, അവന്റെ സ്വന്തവിവാഹം വേർപ്പെടുത്തുവാൻ കാരണമാക്കുന്നു, ഒടുവിൽ വിവാഹമോചനത്തിൽ അവസാനിക്കുന്നു. ഇതിനു കാരണം അസ്വാഭാവികമായ കോപം തലമുറയായിട്ടുള്ള അടിമത്തം മൂലം. എന്നാൽ അതിന്റെ ഫലം ഒരു വിവാഹം വേർപ്പെടുത്തൽ ആണ്.

നമ്മളുടെ ജീവിതങ്ങളെ പരിശോധിച്ചു നോക്കുവാൻ നമ്മൾ സമയവും പരിശ്രമവും എടുക്കണം. വ്യക്തിപരമായോ തലമുറയായിട്ടോ ഉള്ള അടിമത്തങ്ങൾ ഉണ്ടോയെന്ന് തിരിച്ചറിയണം. നമ്മുടെയും നമ്മുടെ കുടുംബങ്ങളുടെയും ജീവിതങ്ങളെ പരിശോധിക്കണം തലമുറയായിട്ടുള്ള അടിമത്തങ്ങൾ ഉണ്ടോയെന്ന് അറിയുവാൻ. നമ്മുടെ വ്യാപിപ്പിക്കപ്പെട്ട ഓരോ കുടുംബാംഗങ്ങളെയുംകുറിച്ച് ചിന്തിച്ചു നോക്കണം വീണ്ടും വീണ്ടും സംഭവിക്കുന്ന മാതൃകയുണ്ടോയെന്ന് കണ്ടുപിടിക്കണം, അവിടെ ഒന്നുണ്ടെങ്കിൽ, അസാധാരണമായ പെരുമാറ്റം അല്ലെങ്കിൽ വീണ്ടും വീണ്ടും സംഭവിക്കുന്ന പ്രശ്നങ്ങൾ. ഒരുപക്ഷേ നമ്മുടെ വല്ല്യപ്പന്റെ തലമുറയിൽ ഒരു അസ്വാഭാവികമരണം നടന്നിരുന്നേക്കാം അല്ലെങ്കിൽ അച്ഛന്റെയോ അമ്മയുടെയോ ഒരു സഹോദരൻ മദ്ധ്യയൗവ്വനത്തിൽ മരിച്ചുപോയിരിക്കാം, നമ്മുടെ തലമുറയിൽ ഈ ഭയത്തിലായിരിക്കാം നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത്.

ഒരു തലമുറയുടെ അടിമത്തത്തിൽനിന്നുമാണ് എന്തെങ്കിലും ഒന്ന് എന്നു നമുക്ക് കണ്ടുപിടിക്കുവാൻ കഴിയുകയാണെങ്കിൽ, നമ്മൾ വാതിൽ അടച്ചുകളയണം. അങ്ങനെ ചെയ്യുന്നതിലൂടെ, നമുക്ക് ഉറപ്പുവരുത്താം ഇത് ഭാവിതലമുറയിലേക്ക് പ്രവേശിക്കത്തില്ലെന്ന്. നമ്മുടെ ജീവിതത്തിൽ ഏതിലെങ്കിലും നമ്മൾ കുറ്റക്കാരാണെങ്കിൽ, അത് ശക്തിയായി അടിമത്തത്തിന് വാതിൽ തുറക്കുവാൻ കഴിയും,നമ്മൾ മാനസാന്തരപ്പെടണം, തെറ്റുകളും പാപങ്ങളും ഉപേക്ഷിക്കണം എന്നിട്ട് സ്വതന്ത്രമായി നടക്കണം.

## നമുക്ക് സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയും

നമ്മൾ സത്യം അറിയുമ്പോൾ, സത്യം നമ്മളെ സ്വതന്ത്രരാക്കും എന്നൊരു സുവാർത്താ ദൂതുണ്ട്. കർത്താവായ യേശുവിന് നമ്മെ സ്വതന്ത്രരാക്കുവാൻ കഴിയും.

**“സത്യം അറിയുകയും സത്യം നമ്മളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും” (യോഹന്നാൻ 8:32, 36).**

# 5

# ഇതിൽ നിന്നും നമുക്ക് എങ്ങനെ സ്വതന്ത്രരാകുവാൻ കഴിയും?

## സ്വതന്ത്രരായിരിക്കുവാനുള്ള നമ്മുടെ അവകാശം കരസ്ഥമാക്കിയത് ക്രൂശിലാണ്

**"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു; പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി" (1 യോഹന്നാൻ 3:8).**

നമ്മുടെ സ്വാതന്ത്ര്യം കരസ്ഥമാക്കിയത് ക്രൂശിലാണ്. പിശാചിന്റെ എല്ലാ പ്രവൃത്തികളെയും നശിപ്പിപ്പാൻ യേശു വന്നു, എങ്ങനെ അത് നമ്മുടെ ജീവിതങ്ങളിൽ പ്രവേശിച്ചു എന്നു കൂട്ടാക്കാതെ. എന്തിനാണ് യേശു ഈ ഭൂമിയിൽ വന്നത്? ഒരു പുതിയ മതം തന്നു അതിനെ അനുഗമിക്കുവാനോ, ചിന്തിക്കുന്നതിനെപ്പറ്റി പുതിയ തത്വശാസ്ത്രം തരുന്നതിനോ അല്ല യേശു വന്നത്. ജനങ്ങളുടെ ജീവിതങ്ങളിലുള്ള പിശാചിന്റെ എല്ലാ പ്രവൃത്തികളെയും നശിപ്പിപ്പാനാണ് യേശു വന്നത്. നമ്മുടെ ജീവിതങ്ങളിൽ പിശാചിന്റെ പ്രവൃത്തികളെ നമുക്ക് സഹിക്കേണ്ടാ.

പുതിയ തത്വശാസ്ത്രങ്ങളും, ആശയങ്ങളും, മതങ്ങളും തരുന്ന അനേകം ആളുകൾ ഇന്നത്തെ ലോകത്തിലുണ്ട്. എന്നാൽ, ആർക്കും എഴുന്നേറ്റുനിന്നു പറയുവാൻ സാധിക്കത്തില്ല "എനിക്കു പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാൻ കഴിയുമെന്ന്." യേശുവിനു മാത്രമേ ഇത് ചെയ്യുവാൻ കഴിയുകയുള്ളൂ.

**"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി" (എബ്രായർ 2:14).**

യേശുവിന്റെ മരണത്തിലൂടെ, യേശു, മരണത്തിന്റെ അധികാ

രിയായിരുന്നവനെ (പിശാചിനെ) നശിപ്പിച്ചു അവനെ അടിയറ വെപ്പിച്ച് ശക്തിയില്ലാത്തവനാക്കി. ക്രൂശു തോൽവിയുടെ ഒരു സ്ഥലം അല്ലായിരുന്നു, എന്നാൽ ചരിത്രം കണ്ടിട്ടുള്ളതിലേക്കും ഏറ്റവും വലിയ വിജയത്തിന്റെ സ്ഥലം ആയിരുന്നു. ക്രൂശിലായിരുന്നു യേശു പിശാചിനെ തോൽപ്പിച്ചത്. യേശു ഇത് തനിക്കുവേണ്ടി ചെയ്യേണ്ടിയ ആവശ്യം ഇല്ലായിരുന്നു, എന്തുകൊണ്ടെന്നാൽ യേശു പിശാചിനേക്കാൾ ശക്തിയുള്ളവനായിരുന്നു, എല്ലായ്പ്പോഴും ശക്തിയുള്ളവനായിരിക്കും. യേശു നമുക്കുവേണ്ടി ഇതു ചെയ്തു – നമ്മുടെ പ്രാതിനിധ്യം വഹിക്കുന്നവനായും നമ്മളെ പിന്തുണക്കുന്നതിനുമായും.

**"അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽനിന്നു നീക്കികളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി (കൊലൊസ്യർ 2:14–15).**

വാഴ്ചകളും അധികാരങ്ങളും പിശാചുക്കളും ഭൂതങ്ങളുമാണ്. ക്രൂശിൽ യേശു അവരെ അടിയറവെപ്പിച്ചു ശക്തിയില്ലാത്തവരാക്കി അവരുടെമേൽ ജയോത്സവം കൊണ്ടാടി.

**"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെസ്യർ 6:12).**

യേശു സാത്താനെയും ദുർഭൂതങ്ങളുടെ ശക്തിയെയും ആയുധവർഗ്ഗം വെപ്പിച്ച് അവരെ അശക്തരാക്കിത്തീർത്തു, യേശുവിന്റെ ക്രൂശിലെ വിജയത്താൽ അവരെ ഒരു പരസ്യമായ കാഴ്ചയാക്കി വച്ചു. ഇതേ യേശുവിനു നമ്മുടെ ലോകത്തിൽ പ്രവേശിച്ച് ഇന്നു നമ്മളെ പൂർണ്ണമായി സ്വതന്ത്രരാക്കുവാൻ കഴിയും, ഏതു തരത്തിലും എല്ലാതരത്തിലുമുള്ള പൈശാചികബന്ധനത്തിൽ നിന്നും.

നിങ്ങൾക്കും എനിക്കും ഇതു എന്താണ് അർത്ഥമാക്കുന്നത്?

**"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പുണ്ട്" (കൊലൊസ്യർ 1:13–1).**

ഇപ്രകാരം, യേശു നമ്മെ ആധിപത്യം അല്ലെങ്കിൽ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു. കർത്താവായ യേശുക്രിസ്തുവിൽ നമ്മളുടെ വിശ്വാസം വെക്കുമ്പോൾ, ആ നിമിഷം മുതൽ സാത്താനു നമ്മുടെ ജീവിതങ്ങളിൻമേൽ നിയമപ്രകാരമുള്ള യാതൊരു അധികാരവും ഇല്ല എന്തുകൊണ്ടെന്നാൽ നമ്മളെ വിടുവിച്ച് സ്വതന്ത്രരാക്കി. വ്യത്യസ്തമായ ഒരു രാജ്യത്തിനു നമ്മളെ പരിഭാഷപ്പെടുത്തി, ഇപ്രകാരം യേശുക്രിസ്തുവിന്റെ രാജ്യത്തിലെ പൗരന്മാരായിത്തീരുന്നതിന്. നമ്മൾ സാത്താന്റെ രാജ്യത്തിലെ പൗരന്മാർ അല്ല അതുകൊണ്ട് ഈ അന്ധകാരത്തിന്റെ ശക്തികൾക്കു നമ്മുടെ ജീവിതങ്ങളിന്മേൽ യാതൊരു അധികാരവും ഇല്ല, നമ്മുടെ ആത്മാവിൻമേലും ദേഹിമേലും ദേഹത്തിന്മേലും അവകാശവാദം പുറപ്പെടുവിക്കത്തില്ല. സാത്താന് നമ്മുടെ ജീവിതങ്ങളിൽ ഉണ്ടായിരിക്കുവാൻ കഴിയുന്ന ഒരേ ഒരു അധികാരം നമ്മൾ അവന് എന്തു കൊടുക്കുന്നുവോ അതാണ്. തിരുവെഴുത്ത് നമുക്കു താക്കീത് തരുന്നു "പിശാചിന് ഇടം കൊടുക്കരുത്" (എഫെസ്യർ 4:27). അതുകൊണ്ട്, വാതിൽ അടച്ചുവെക്കുക. സാത്താനു നിങ്ങളുടെ ജീവിതത്തിൽ ഒരു പ്രവേശനവും കൊടുക്കരുത്.

## രക്തത്തിന്റെ ശക്തി

**"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ (1 പത്രൊസ് 1:18–19).**

പത്രൊസിന്റെ ലേഖനം സംബോധന ചെയ്തിരുന്നത് യഹൂദന്മാരുടെയും ജാതീയക്രിസ്ത്യാനികളുടെയും മിശ്രണം ചെയ്ത

സഭയോടായിരുന്നു. റോമാപ്രവിശ്യയിൽ ഏഷ്യാമൈനർ മുഴുവൻ എല്ലായിടത്തും ചിതറിക്കപ്പെട്ടവരോട്. പത്രൊസ് യഹൂദന്മാരോടും ജാതീയ ക്രിസ്ത്യാനികളോടും പറയുന്നത് നമ്മുടെ വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നടപ്പിൽനിന്ന് നമ്മളെ വീണ്ടെടുത്തിരിക്കുന്നു എന്നാണ്. പത്രൊസ് വിവരിക്കുന്ന വീണ്ടെടുപ്പ്, വിഗ്രഹാരാധകന്റെ മതങ്ങളുടെ ഇല്ലായ്മയിൽ നിന്നും, അന്ധവിശ്വാസങ്ങളിൽ നിന്നും, ആചാരക്കള്ളന്മാർ രൂപത്തിനു പ്രാധാന്യം നൽകുന്ന സിദ്ധാന്തത്തിൽനിന്നും ഉള്ള സ്വാതന്ത്ര്യം ആണ്.

യേശുവിന്റെ രക്തം നമുക്കുവേണ്ടി അനേകം കാര്യങ്ങൾ ചെയ്തു - ഇത് നമ്മുടെ പാപങ്ങളെ കഴുകിക്കളഞ്ഞു സാത്താന്റെ അധികാരത്തിൽനിന്നും നമ്മെ വീണ്ടെടുത്തു. ക്രിസ്തുവിന്റെ രക്തം വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നമ്മുടെ നടപ്പിൽ നിന്നു നമ്മളെ സ്വതന്ത്രരാക്കി. നമ്മുടെ വംശപരമ്പര പരിഗണിക്കാതെ അല്ലെങ്കിൽ നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ജീവിതശൈലി, ചില വിധത്തിലുള്ള ആരാധനപ്രകാരം സാത്താന്യസ്വാധീനങ്ങൾക്കു വാതിൽ തുറന്നിരിക്കാം, കർത്താവായ യേശുവിന്റെ രക്തം നമ്മെ സ്വതന്ത്രരാക്കുന്നു. ക്രിസ്തുവിന്റെ ചൊരിയപ്പെട്ട രക്തം ഏതു വിധത്തിലും എല്ലാവിധത്തിലുമുള്ള സാത്താന്യ അടിമത്തത്തിൽ നിന്നും, പാതകമായ ജീവിതശൈലിയിൽനിന്നും, ദൈവികമല്ലാത്ത പെരുമാറ്റരീതികളിൽനിന്നും, ശപഥത്തിൽനിന്നും നമ്മുടെ പൂർവികന്മാരുടെ സമർപ്പണത്തിൽനിന്നും ശാപങ്ങളിൽനിന്നും സ്വതന്ത്രരാകുവാനുള്ള അവകാശം നമുക്കു തരുന്നു.

## കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നു— നിങ്ങൾ സ്വാതന്ത്ര്യത്തിലേക്കു നടക്കണം

കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നു എന്നാൽ നമ്മൾ സ്വാതന്ത്ര്യത്തിലേക്കു നടക്കണം. ആവശ്യമായതെല്ലാം യേശു നമുക്കുവേണ്ടി ചെയ്തു, നമ്മളെ സ്വതന്ത്രരാക്കുവാൻ. അവന്റെ രക്തം ചൊരിഞ്ഞു. യേശു സാത്താന്റെ പ്രവൃത്തികളെ നശിപ്പിച്ചു സാത്താനെ കീഴടക്കി. എന്നാൽ നമ്മൾ വാതിലുകളിലൂടെ സ്വാത

ന്ത്ര്യത്തിലേക്കു നടക്കേണ്ടതും സ്വീകരിക്കേണ്ടതും ആവശ്യം ആണ്. യേശു പറഞ്ഞു, "നിങ്ങൾ സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. അതുകൊണ്ട്,പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും (യോഹന്നാൻ 8:32, 36). അറിവുകേട് നമ്മളെ അടിമത്തത്തിൽ വയ്ക്കുന്നു. എന്നാൽ സത്യം അറിയുന്നത് സ്വാതന്ത്ര്യത്തിലേക്കു നടക്കുവാൻ നമുക്ക് അവസരം തരുന്നു.

## നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു

**"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3).**

സ്വർഗ്ഗത്തിൽനിന്നുളള എല്ലാ അനുഗ്രഹങ്ങളാലും ദൈവം നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും വരുന്ന എല്ലാ ആത്മീകാനുഗ്രഹങ്ങളും നിങ്ങളുടേതാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ അനുഗ്രഹിക്കപ്പെടണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം നിങ്ങൾക്കുവേണ്ടിയാണ് അല്ലാതെ നിങ്ങൾക്കു പ്രതികൂലമായിട്ടല്ല.

## എല്ലാ വാതിലുകളും എന്നന്നേക്കുമായി അടയ്ക്കുക

**"അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽകൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലാതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങിചെല്ലും എന്നു അവൻ പറയുന്നു; ഉടനെ വന്നു,അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു.പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെ ഭവിക്കും (മത്തായി 12:43-45).**

ശത്രു എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതിനു യേശു നമുക്ക് ഒരു അന്തർദർശനം തരുന്നു. പിശാചു കൈവശപ്പെടുത്തിയിരുന്ന ഭൂപ്രദേശത്തുനിന്നും അവനെ പുറത്താക്കുമ്പോൾ, അവർ തിരി

ച്ചുവരുന്നതിനു ശ്രമങ്ങൾ നടത്തുന്നു. അതുകൊണ്ടാണ് വാതിലുകൾ അടച്ചുവെക്കേണ്ടിയത് വളരെ പ്രധാനമായിട്ടുള്ളത്. ഉദാഹരണമായി നിങ്ങൾ അശ്ലീലസാഹിത്യത്തിനു വാതിൽ തുറന്നു കൊടുത്തിട്ടുണ്ടെങ്കിൽ, ആ അടിമത്തത്തിൽനിന്നും വേർപ്പെടുവാൻ നിങ്ങളെ മാനസാന്തരത്തിലേക്കു നയിച്ചിട്ടുണ്ടെങ്കിൽ, ആ വാതിൽ അടച്ചുവയ്ക്കുന്നതിനു പകരം നിങ്ങളെത്തന്നെ അൽപ്പമായി ആ അശ്ലീലസാഹിത്യത്തിൽ നനക്കുകയാണെങ്കിൽ, നിങ്ങൾ നേരത്തെ ആയിരുന്ന അവസ്ഥയിൽനിന്നും വളരെ മോശമായ ഒരവസ്ഥയിൽ ആയിത്തീരുവാൻ സാദ്ധ്യതയുണ്ട്. ഇതു എന്തുകൊണ്ടാണെന്നാൽ ശത്രു തിരിച്ചുവരുമ്പോൾ അവൻ വരുന്നത് വളരെയധികം തീവ്രതയോടെയാണ്. നിങ്ങൾ അടിമത്തങ്ങൾ ഉപേക്ഷിക്കുമ്പോൾ, ശത്രു വളരെയധികം തീവ്രതയോടെ ആക്രമിക്കും, അതേ സ്ഥാനങ്ങളിൽ, നിങ്ങൾ അവനെ നീക്കിക്കളയുവാൻ തീരുമാനിച്ചിടത്ത്. കഴുകലിന്റെ ഫലം നിലനിൽക്കുന്നത്, വീണ്ടും പിശാചിനു പ്രവേശിക്കുവാൻ അവസരവും അവകാശവും കൊടുക്കുന്നതുവരെയാണ്, തുടർച്ചയായുള്ള മാനസാന്തരപ്പെടാത്ത പാപങ്ങളിലൂടെയാണ്. നമ്മുടെ ജീവിതങ്ങളിലേക്കു പ്രവേശിക്കുവാൻ പിശാചുക്കളെ അനുവദിക്കുന്ന എല്ലാ വാതിലുകളും എന്നന്നേക്കുമായി നമ്മൾ അടയ്ക്കണം,.

## നമ്മുടെ പാപങ്ങളും നമ്മുടെ പൂർവ്വപിതാക്കന്മാരുടെ പാപങ്ങളും മാനസാന്തരപ്പെടുന്നതും ഉപേക്ഷിക്കുന്നതും

**"നിങ്ങളിൽ ശേഷിച്ചിരിക്കുന്നവർ ശത്രുക്കളുടെ ദേശത്തുവച്ച് തങ്ങളുടെ അകൃത്യങ്ങളാൽ ക്ഷയിച്ചുപോകും; തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളാലും അവർ അവരോടുകൂടെ ക്ഷയിച്ചുപോകും. അവർ തങ്ങളുടെ അകൃത്യവും തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യവും അവർ എന്നോട് ദ്രോഹിച്ച ദ്രോഹവും അവർ എനിക്കു വിരോധമായി നടന്നതുകൊണ്ട് ഞാനും അവർക്കു വിരോധമായി നടന്നു അവരെ ശത്രുക്കളുടെ ദേശത്തു വരുത്തിയതും ഏറ്റുപറകയും അവരുടെ പരിച്ഛേദനയില്ലാത്ത ഹൃദയം അപ്പോൾ താഴുകയും അവർ തങ്ങളുടെ അകൃത്യത്തിനുള്ള ശിക്ഷ അനുഭവിക്കയും ചെയ്താൽ ഞാൻ യാക്കോബിനോടുള്ള എന്റെ നിയമം ഓർക്കും. യിസ്ഹാക്കിനോടുള്ള എന്റെ നിയമവും, അബ്രാഹാമിനോടുള്ള എന്റെ നിയമവും ഞാൻ ഓർക്കും; ദേശത്തെയും ഞാൻ ഓർക്കും"**

ഇതിൽനിന്നും നമുക്ക് എങ്ങനെ സ്വതന്ത്രരാകുവാൻ കഴിയും

**(ലേവ്യപുസ്തകം 26:39–42).**

ഇവിടെ ദൈവം തന്റെ ജനങ്ങളോട് പറയുന്നു, ഇപ്പോഴത്തെ തലമുറ മുമ്പെയുള്ള തലമുറയുടെ പാപങ്ങൾക്കുവേണ്ടി അനുതപിക്കണമെന്ന്. വേറെ ഉദാഹരണങ്ങളും നമ്മൾ തിരുവെഴുത്തിൽ കാണുന്നു.

**"യഹോവേ, ഞങ്ങൾ ഞങ്ങളുടെ ദുഷ്ടതയും ഞങ്ങളുടെ പിതാക്കന്മാരുടെ അകൃത്യവും അറിയുന്നു; ഞങ്ങൾ നിന്നോട് പാപം ചെയ്തിരിക്കുന്നു (യിരെമ്യാവു 14:20).**

എസ്രാ, നെഹമ്യാവ്, ദാനീയേൽ ഇവരും തങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ പാപങ്ങൾക്കായി അനുതപിച്ചു. അതുകൊണ്ട് ഇതു തിരുവെഴുത്തിൻ പ്രകാരമുള്ളതാണ് നിങ്ങളും ഞാനും നമ്മുടെ പിതാക്കന്മാരുടെയും പൂർവ്വപിതാക്കന്മാരുടെയും പാപങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അനുതപിക്കുകയും ചെയ്യണമെന്ന്.

## അധികാരത്തിന്റെ ഘടന ദൈവം നിയോഗിച്ചു

അവിടെ ദൈവം നിയോഗിച്ച അധികാരത്തിന്റെ ഒരു ഘടനയുണ്ട് ഈ പ്രാപഞ്ചികമായ ലോകത്തിൽ, അതിലൂടെ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, അത് പിശാച് ബഹുമാനിക്കുന്നു.

## ഭർത്താവിന്റെയും പിതാവിന്റെയും അധികാരം

**"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തലപുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയണം എന്നു ഞാൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 11:3).**

ഭാര്യയുടെ തല ഭർത്താവാകുന്നു. ഭർത്താവ്/പിതാവ് അവന്റെ ഭവനത്തിൻമേൽ ആത്മീകദ്വാരപാലകൻ അല്ലെങ്കിൽ പാറാവുകാരൻ ആകുന്നു. ആത്മീക അധികാരം ദൈവം ആക്കിവച്ചിരിക്കുന്ന അധികാരത്തിന്റെ ഘടനയുടെ അണിയിലേക്ക് ഒഴുകുന്നു. ഭവനത്തിൽ പിശാചിന് സ്വാധീനം കൊടുക്കുവാൻ അനുവദിക്കണോ വേണ്ടയോ എന്നുള്ളത് ഭർത്താവിന്റെ ചുമതലയാണ്. അവനു ഭവനത്തെ സംരക്ഷിക്കേണ്ട അവകാശവും ചുമതലയും ഉണ്ട്. ഭർത്താ

ക്കന്മാർ തങ്ങളുടെ അധികാരത്തിന്റെ സ്ഥലം ഏറ്റെടുക്കണം, കതകുകൾ അടയ്ക്കണം, എല്ലാ സാത്താന്യശക്തിയോടും പ്രഖ്യാപിക്കണം, അവരുടെ ഭാര്യമാരെയും മക്കളെയും സ്വാധീനിക്കുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുന്നു എന്ന്.

## വിശ്വസിക്കുന്ന ഭാര്യയുടെയും ഭർത്താവിന്റെയും മാതാപിതാക്കളുടെയും അധികാരം

**"അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടും അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു; അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും; ഇപ്പോഴോ അവർ വിശുദ്ധർ ആകുന്നു (1 കൊരിന്ത്യർ 7:14).**

ഇപ്രകാരം ഭാര്യയോ ഭർത്താവോ ഒരാൾ അവിശ്വാസിയാണെങ്കിൽ വിശ്വസിക്കുന്ന ഭാര്യക്കോ ഭർത്താവിനോ, ആത്മീകകാര്യങ്ങളിൽ, അവിശ്വാസിയായ ഭാര്യമേലും ഭർത്താവിന്മേലും ആത്മീകസ്വാധീനം പ്രയോഗിക്കുവാൻ കഴിയും. നിങ്ങൾ ഒരു വിശ്വാസിയാണെങ്കിൽ, നിങ്ങൾക്കൊരു വ്യത്യാസം വരുത്തുവാൻ കഴിയും എന്തുകൊണ്ടെന്നാൽ നിങ്ങളുടെ വിശ്വാസത്തിനു, അവിശ്വാസിയായ ഭാര്യമേലോ ഭർത്താവിന്മേലോ ആധിപത്യം വെക്കുവാൻ കഴിയും. ഈ ഐക്യത്തിലൂടെ പുറത്തുവരുന്ന കുട്ടികൾ പോലും വിശ്വസിക്കുന്ന ഭാര്യയുടെയും ഭർത്താവിന്റെയും ആത്മീകസ്വാധീനത്തിൻ കീഴിൽ ആയിരിക്കുവാൻ കഴിയും.

## ഇപ്പോഴത്തെ തലമുറയുടെ അധികാരം

നമ്മുടെ ഭവനത്തിന്റെ അണിയിലെ ഇപ്പോഴത്തെ പ്രാതിനിധ്യം വഹിക്കുന്നവർ നമ്മൾ ആകയാൽ, നമുക്ക് എല്ലാ ശപഥങ്ങളുടെമേലും, സമർപ്പണങ്ങളിൻമേലും, പൊരുത്തങ്ങളിന്മേലും, അവ നേരത്തെ എടുത്തിരുന്നത്, ലേവ്യപുസ്തകത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, ലേവ്യപുസ്തകം 26:39-42, അധികാരം ഉണ്ട്.

- നമ്മുടെ സ്വാതന്ത്ര്യം കരസ്ഥമാക്കിയത് ക്രൂശിലാണ്.
- ജനങ്ങളുടെ ജീവിതങ്ങളിലെ എല്ലാ സാത്താന്യപ്രവൃത്തികളെയും നശിപ്പിക്കുന്നതിനാണ് യേശു വന്നത്.
- യേശുക്രിസ്തുവിന്റെ രക്തം നമ്മെ സ്വതന്ത്രരാക്കുന്നു.
- കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുകയാണ് എന്നാൽ നമ്മൾ സ്വാതന്ത്ര്യത്തിലേക്ക് നടക്കണം.
- സ്വർഗ്ഗത്തിൽനിന്നുള്ള എല്ലാ അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുകയാണ്.
- നമ്മുടെ ജീവിതങ്ങളിലേക്ക് സാത്താനു പ്രവേശിക്കുവാൻ കഴിയുന്നതായ എല്ലാ വാതിലുകളും നമ്മൾ എന്നന്നേക്കുമായി അടയ്ക്കണം.
- നമ്മുടെ പിതാക്കന്മാരുടെയും പൂർവ്വപിതാക്കന്മാരുടെയും പാപങ്ങൾക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കേണ്ടതും അനുതപിക്കേണ്ടതും തിരുവെഴുത്തിൻപ്രകാരമാണ്.
- ദൈവം നിയോഗിച്ചാക്കിയിരിക്കുന്ന അധികാരത്തിന്റെ ഘടന അവിടെയുണ്ട്, ഈ പ്രാപഞ്ചികമായ ലോകത്തിൽ, അതിലൂടെ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, അത് പിശാച് ബഹുമാനിക്കുന്നു.

# കൂടെക്കൂടെ ചോദിക്കപ്പെട്ട ചോദ്യങ്ങൾ

Q1. ക്രിസ്തുവിനെ ഞാൻ എന്റെ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ, അവന്റെ രക്തം എന്റെ എല്ലാ പാപങ്ങളെയും കഴുകിക്കളയുമെന്ന് ഞാൻ അംഗീകരിക്കുന്നു. എന്തുകൊണ്ടാണ് വീണ്ടും ഞാൻ എന്റെ പൂർവ്വപിതാക്കന്മാരുടെ അകൃത്യത്തിൻകീഴെ ആയിരിക്കുന്നത്? യേശുവിന്റെ രക്തത്തിനു ആ അകൃത്യത്തെയും കഴുകുവാൻ സാധിക്കത്തില്ലേ? ദൈവം എന്നെ വീണ്ടെടുത്തപ്പോൾ, ആ വീണ്ടെടുപ്പിൽ അടിമത്തങ്ങളുടെ സ്വാതന്ത്ര്യവും ഉൾപ്പെട്ടിട്ടില്ലേ? എന്തുകൊണ്ടാണ് വിശദമായി ഞാൻ തലമുറകളുടെ അടിമത്തങ്ങളെ കൈകാര്യം ചെയ്യേണ്ടിയത്?

കർത്താവായ യേശുവിനെ നമ്മളുടെ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ, യഥാർത്ഥമായി നമ്മൾ വീണ്ടും ജനിച്ചു നമ്മുടെ ആത്മാവിൽ അങ്ങനെ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകിക്കളയുന്നു. എന്നിരുന്നാലും, പ്രശ്നം ഇതാകുന്നു നമ്മുടെ പൂർവ്വപിതാക്കന്മാരുടെ അകൃത്യങ്ങൾ സാത്താന്യ അടിമത്തങ്ങൾക്കു വാതിൽ തുറന്നുകൊടുത്തു, അത് നമ്മുടെ പ്രാണന്റെ - മനസ്സ്, മനോഗതി, വികാരങ്ങൾ, ശരീരം, ജീവിതാനുഭവങ്ങൾ ഇവയുടെ മണ്ഡലത്തെ ബാധിക്കുന്നു. ദൈവം നമ്മളെ രക്ഷിക്കുമ്പോൾ യേശുവിന്റെ രക്തത്താൽ നമ്മളെ കഴുകി ശുദ്ധരാക്കുന്നു. അവൻ നമ്മുടെ മനസ്സിനെയും ശരീരത്തെയും പരിതഃസ്ഥിതികളെയും മാറ്റുന്നില്ല.

ഉദാഹരണമായി, നിങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ നിങ്ങളുടെ മുടി നരയ്ക്കുവാൻ തുടങ്ങിയിരുന്നുവെങ്കിൽ, അതു കഴിഞ്ഞും നരക്കുവാൻ തുടരുമെന്നുള്ളത് വളരെ സാധാരണമാണ്. അല്ലെങ്കിൽ, നിങ്ങൾ വീണ്ടും ജനിക്കുന്നതിനുമുമ്പെ നിങ്ങളുടെ ഉയരം 6 അടി ആയിരുന്നുവെങ്കിൽ,നിങ്ങളുടെ ജീവിതത്തിൽ യേശുവിനെ സ്വീകരിച്ച ശേഷവും നിങ്ങൾ അതേ 6 അടിയിൽതന്നെ നിൽക്കും. ഒരു നിമിഷത്തിൽ നിങ്ങളുടെ ആത്മാവിൽ നിങ്ങൾ ഒരു

പുതിയ സൃഷ്ടിയായിത്തീരുന്നു എന്നാൽ അനേകം അടിമത്തങ്ങൾ മനസ്സിന്റെയും, ശരീരത്തിന്റെയും, ജീവിതത്തിന്റെ ചുറ്റുപാടുകളുടെയും മണ്ഡലത്തിൽ നിലനിൽക്കുന്നത് തുടർന്നേക്കാം.

ദൈവത്തിന്റെ ദൃഷ്ടിയിൽ അനേക വിശ്വാസികൾ കഴുകപ്പെട്ട് നീതിയുള്ളവരായിത്തീർന്നിട്ടുണ്ട് എന്നാൽ വീണ്ടും പാതകമായ ശീലങ്ങളോട് പോരാടിക്കൊണ്ടിരിക്കുന്നു, വികാരപരമായ പ്രശ്നങ്ങളോടും അങ്ങനെ മറ്റു പലതിനോടും.

Q2. പുറപ്പാട് 20:5–6 അനുസരിച്ച് ദൈവത്തെ നിന്ദിക്കുന്നവരുടെ അകൃത്യങ്ങളെ ദൈവം സന്ദർശിക്കും എന്നും ദൈവത്തെ സ്നേഹിക്കുന്നവരോട് കരുണ നീട്ടുമെന്നും. ഞാൻ ദൈവത്തെ നിന്ദിക്കുന്നില്ല. പകരം ഞാൻ അവനെ സ്നേഹിക്കുന്നു, അതുകൊണ്ട് എന്തിനാണ് ഞാൻ കുടുംബബന്ധങ്ങളെക്കുറിച്ച് ഉൽക്കണ്ഠയുണ്ടായിരിക്കുവാൻ ആവശ്യം?

ഈ ചോദ്യത്തിന്റെ ഉത്തരവും ആദ്യത്തെ ചോദ്യത്തിന്റേതുപോലെ തന്നെയാണ്. നമ്മുടെ ഹൃദയങ്ങളാൽ ദൈവത്തെ നമ്മൾ സ്നേഹിക്കുന്നു, എന്നാൽ അനേക അവസരങ്ങളിൽ നമ്മുടെ മനസ്സിലും ശരീരത്തിലും അടിമത്തത്തിന്റെ സ്ഥലങ്ങൾ ഉണ്ടായിരിക്കുവാൻ കഴിയും; നമ്മുടെ ജീവിതത്തിന്റെ ചുറ്റുപാടുകളിൽ ശത്രുവിന്റെ പ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുവാൻ ദൈവം നിയതമായി നമ്മളോടു പറയുന്നു. ദൈവം പറഞ്ഞിട്ടില്ല, "ഞാൻ നിനക്കുവേണ്ടി പിശാചിനോട് എതിർത്തു നിൽക്കുമെന്ന്." പകരമായി, ദൈവം പറഞ്ഞു, "നിങ്ങൾ പിശാചിനോട് എതിർത്തു നിൽക്കുവാൻ."

Q3. എനിക്കു തലമുറകളുടെ അടിമത്തങ്ങളെ നീക്കിക്കളഞ്ഞിട്ടല്ലാതെ തലമുറകളുടെ അനുഗ്രഹത്തിന്റെ ആരംഭമിടുന്ന ആളായിരിക്കുവാൻ കഴിയത്തില്ലയോ?

നിങ്ങൾ ക്രിസ്തുവിൽ വരുമ്പോൾ, നിങ്ങൾ സ്വയമേവ അബ്രാഹാമിന്റെ അനുഗ്രഹങ്ങളെ വ്യാപിപ്പിക്കുന്നവനായിത്തീരുന്നു, നിങ്ങൾ ക്രിസ്തുവിൽ ആരാണെന്നു

ള്ളതിന്റെ അനുഗ്രഹങ്ങളും. അതുകൊണ്ട് നിങ്ങൾ തലമുറകളുടെ അനുഗ്രഹങ്ങൾ നിങ്ങളുടെ തുടർന്നുള്ള തലമുറകളുടെ അനുഗ്രഹത്തിനായി തുടങ്ങിവയ്ക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക, നിങ്ങൾ നിങ്ങളുടെ സ്വന്തതലമുറകളുടെ അടിമത്തം വഹിക്കുന്നുണ്ടെങ്കിലും, അതു കൈകാര്യം ചെയ്യേണ്ടിയത് ആവശ്യമാണ്. എന്നാൽ, തുടർന്നുള്ള തലമുറകൾക്കു നിങ്ങൾ ആഘാതം കൊടുക്കുന്നതിന്റെ അളവു നിങ്ങൾ അധികമായി ദൈവത്തെ അനുസരിക്കുന്നതിന്റെ അളവിനെ ആശ്രയിച്ചിരിക്കും, നിങ്ങൾ ജീവിക്കുന്ന ജീവിതത്തിന്റെ. നിങ്ങൾ ഒരു മടിയനാണ് ഇങ്ങനെ ചിന്തിക്കുമെങ്കിൽ "ഞാൻ രക്ഷിക്കപ്പെട്ടു, എനിക്കു തീയുടെ ഇൻഷുറൻസ് കിട്ടി. ഇത്രയും എനിക്കു മതി. ഞാൻ സ്വർഗ്ഗത്തിൽ പോകും," ജീവിതത്തിലൂടെ പൊങ്ങികിടക്കുക അപ്പോൾ ആത്മീകമായി, നിങ്ങൾക്കു വളരെയധികമായ ഒരു ആഘാതം ഉണ്ടായിരിക്കുകയില്ല നിങ്ങളുടെ തുടർന്നുള്ള തലമുറകളിന്മേൽ. എന്നാൽ നിങ്ങൾ ദൈവത്തിലും ദൈവത്തിന്റെ കാര്യങ്ങളിലും സമ്മർദ്ദം ചെലുത്തുന്ന ഒരാളാണെങ്കിൽ - അവന്റെ ആത്മാവും അവന്റെ വചനവും - അപ്പോൾ നിങ്ങളുടെ തുടർന്നുള്ള തലമുറകളിന്മേൾ നിങ്ങൾക്കു വലിയ ഒരു ആഘാതം ഉണ്ടായിരിക്കും.

Q4. എന്റെ കുടുംബത്തിന്റെ വിടവിൽ നിന്നുകൊണ്ട് എനിക്കു ദൈവത്തിന്റെ മാപ്പു അന്വേഷിക്കാമോ അതോ ഓരോ കുടുംബാംഗങ്ങളും വ്യക്തിപരമായി ഇത് ചെയ്യണോ?

ദൈവം ആക്കിവെച്ചിരിക്കുന്ന സ്ഥാനത്ത് അധികാരത്തിന്റെ ഘടനയിലൂടെ ദൈവം പ്രവർത്തിക്കുന്നു. ആ അധികാരഘടനയുടെ ധർമ്മത്താൽ, കുടുംബാംഗങ്ങളുടെമേൽ കുറച്ചു സ്വാധീനത്തിന്റെ അളവു വരുത്തുവാൻ കഴിയും, നിങ്ങൾക്കു മുമ്പെ വരുന്ന എന്നാൽ നിങ്ങളുടെ ആത്മീയ തീരുമാനങ്ങളുടെ ഏറ്റവുമധികം ആഘാതം, നിങ്ങളുടെ സ്വാധീനത്തിന്റെ മണ്ഡലത്തിലുള്ള നിങ്ങൾക്കു തുടർന്നുള്ളവർ അനുഭവമാക്കും. നിങ്ങളുടെ കുടുംബാംഗങ്ങൾ നിങ്ങളെക്കാൾ പ്രായം കൂടിയവരോ, നിങ്ങളുടെ സമപ്രായക്കാരോ ആണെങ്കിൽ, അവർ തങ്ങളുടെ തീരുമാനം എടുക്കേണ്ടിവ

രും, എന്നാൽ നിങ്ങളുടെ പ്രാർത്ഥനയിലൂടെ അവരെ സ്വാധീനിക്കുവാൻ കഴിയും. നമ്മളുടെ കുടുംബരേഖയിൽ നമ്മളാണ് കുടുംബത്തെ ഇപ്പോൾ പ്രതിനിധീകരിക്കുന്ന തിനാൽ എല്ലാ ശപഥങ്ങളുടെമേലും സമർപ്പണങ്ങളുടെമേ ലും, ഉടമ്പടികളിൻമേലും നമുക്ക് അധികാരം ഉണ്ട്, അതു നേരത്തെ എടുത്തതായിരുന്നുവെങ്കിൽ, എന്തെങ്കിലും മാറ്റം നമ്മൾ വരുത്തിയാൽ നമുക്കു പിന്നാലെ വരുന്നവരെ അതു ബാധിക്കും.

Q5. തലമുറകളുടെ അടിമത്തത്തിലേക്ക് നയിക്കുന്ന അകൃത്യ ത്തിന്റെ കാരണവും/ഉത്ഭവവും അറിയേണ്ടതും/അന്വേഷി ക്കേണ്ടതും ആവശ്യം ആണോ?

ജനങ്ങൾ എന്താണ് സാക്ഷ്യപ്പെടുത്തിയത് അതിന്റെ അടിസ്ഥാനത്തിൽ, കൂടുതൽ അവസ്ഥകളിലും ശപഥത്തി ന്റെയും ശാപങ്ങളുടെയും പൊതുവായ ഒരു ത്യാഗം കുടുംബ അടിമത്തങ്ങളെ പുറത്തുവിടുന്നതിനു മതിയായ താണ്, പൈതൃകമായ ശപഥത്തിലൂടെ സാത്താനു കിട്ടിയ പ്രവേശനം, സമർപ്പണം, അതുപോലെയുള്ള പലതും. എന്നാൽ ചില അപൂർവ അവസ്ഥകളിൽ അടിമത്തം നില നിൽക്കുന്നത് തുടരും, കുറച്ചു ആഴമേറിയതും ശക്തിയു ള്ളതും ആയിരിക്കും. ഇതിനുവേണ്ടി, അതിന്റെ വേരിലേക്കു നമ്മൾ ചെല്ലേണ്ടിയതു ആവശ്യമാണ്. അത് എങ്ങനെ വന്നു എന്ന നിശ്ചിതമായ ചുറ്റുപാടിനെ കണ്ടുപിടിക്കണം, ഏതു പൈതൃകനാണ് കുടുംബവൃക്ഷത്തിൽ ശത്രുവിന് അധികാരം കൊടുത്തതെന്നും, നിശ്ചിതമായ കാര്യങ്ങളെ നേരെ തിരി ച്ചാക്കുന്നതിനുവേണ്ടി. സാധാരണയായി, പരിശുദ്ധാത്മാവ് ഈ വക കാര്യങ്ങളെ നമുക്ക് വെളിപ്പെടുത്തിതരുന്നു അല്ലെ ങ്കിൽ നമ്മുടെ കുടുംബചരിത്രവുമായി നല്ല പരിചയമുള്ള വരിൽ നിന്ന് ഈ വിവരങ്ങൾ നമുക്കു ലഭിക്കുവാൻ കഴിയും.

Q6. ശാപത്തിന്റെ ഫലം വിശ്വാസികൾക്കുണ്ടാകുമോ?

പൊതുവായി സംസാരിക്കുന്നതിൽ ഉത്തരം “ഇല്ല” എന്നാണ്. ‘ആഭിചാരം യാക്കോബിനു പറ്റുകയില്ല; ലക്ഷ ണവിദ്യ യിസ്രായേലിനോട് ഫലിക്കുകയുമില്ല’ (സംഖ്യാ

പുസ്തകം 23:23).എന്നാൽ, പിശാചിനു പ്രവേശനം ഉണ്ട്, അവനെ നമ്മൾ അനുവദിക്കുന്ന പരിധിവരെ. ഉദാഹരണ മായി,ഒരു വിശ്വാസി ഗുപ്തമായതിനെക്കൊണ്ടു നനക്കു മ്പോൾ,ഭയത്തിൽ നടക്കുന്നു അല്ലെങ്കിൽ അവരുടെ ജീവി തങ്ങളിൽ പ്രവേശനത്തിന്റെ ഒരു ഇട പിശാചിനു കൊടു ക്കുന്നു, ഇത് ആ വ്യക്തിയെ മുറിപ്പെടത്തക്ക പിശാചിന്റെ പ്രവർത്തനശക്തി ആക്കിത്തീർക്കുന്നു. അതുകൊണ്ട് ദൈവ ത്തോടുള്ള അനുസരണത്തിൽ നടക്കേണ്ടത് വിശ്വാസി കൾക്കു വളരെ പ്രധാനപ്പെട്ടതാണ്.

Q7. എന്തുകൊണ്ടാണ് നമ്മുടെ ദൈവം ഒരു അസൂയാലുവായ ദൈവം?

നമ്മൾ തിരുവെഴുത്ത് പരിശോധിക്കുമ്പോൾ, മിക്കവാ റും എല്ലാ സമയത്തും നമ്മൾ വായിക്കുന്നു ദൈവം പ്രഖ്യാ പിക്കുന്നത് ദൈവം ഒരു അസൂയാലുവായ ദൈവം ആണെ ന്നുള്ളത് - ഇത് മറ്റുള്ള ദൈവങ്ങളെ ആരാധിക്കുന്നതിലു ള്ളഒരു സന്ദർഭം ആണ്, അല്ലെങ്കിൽ തെറ്റായ ദൈവങ്ങളെ. ദൈവം അസൂയാലുവായ ഒരു ദൈവമാണ് നമ്മൾ തെറ്റായ ദൈവങ്ങളെ ആരാധിക്കുമ്പോൾ എന്തുകൊണ്ടെന്നാൽ:

- ഇത് നമ്മുടെ ഒന്നാമത്തെ ഉദ്ദേശ്യത്തെ ലംഘിക്കുന്നു, അത് ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതാകുന്നു. ദൈവത്തെ, ദൈവത്തെമാത്രം ആരാധിക്കുവാനാണ് ദൈവം നമ്മളെ ഉണ്ടാക്കിയത്. “അന്യദൈവത്തെ നമസ്കരിക്കരുത്; യഹോ വയുടെ നാമം തീക്ഷ്ണൻ എന്നാകുന്നു; അവൻ തീക്ഷ്ണ തയുള്ള ദൈവം തന്നെ” (പുറപ്പാട് 34:14).
- ദൈവം തന്റെ മഹത്ത്വം വേറൊരുത്തന് കൊടുക്കത്തില്ല. “ഞാൻ യഹോവ അതുതന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്ത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല” (യെശയ്യാവ് 42:8). ദൈവത്തിനുള്ള മഹത്ത്വം വേറൊരുത്തൻ ആരോപിച്ചാൽ, വേറെ ഏതിനെ ങ്കിലുമായാൽ, ദൈവത്തിനു അത് സഹിക്കുവാൻ കഴിയ ത്തില്ല.

✧ നമ്മൾ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നില്ല. ഇതു ദൈവത്തിന്റെ ഏകരൂപതയെ വേറെ ചിലതിലേക്കു സൃഷ്ടിച്ചതിനേക്കാൾ അവൻ യഥാർത്ഥമായി ആരാണെന്നുള്ളതിനെ - സൃഷ്ടിതാവ്, മാറ്റുന്നു. ആകയാൽ നിങ്ങൾ എന്നെ ആരോട് സദൃശമാക്കും? ഞാൻ ആരോട് തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു (യെശയ്യാവ് 40:25).ഉദാഹരണമായി, ആരെങ്കിലും നിങ്ങളുടെ ഒരു ചിത്രം എടുക്കണമെങ്കിൽ, തല മുറിച്ചു കളയുക, അവിടെ ഒരു പാറ്റയെ വയ്ക്കുക എന്നിട്ടു പറയുക അതു നിങ്ങൾ ആണെന്നു, നിങ്ങൾക്ക് ഇത് ഇഷ്ടപ്പെടുമോ? നിങ്ങൾ ഇതേകുറിച്ച് സന്തോഷം ഉള്ളവനായിരിക്കുകയില്ല, എന്നാൽ 'അസൂയാലു', അർത്ഥമാക്കുന്നത് അവർ അങ്ങനെ ചെയ്തതുകൊണ്ട് നിങ്ങൾക്ക് കോപം ഉണ്ടായിരിക്കുമെന്ന്. അതുതന്നെയാണ് നമ്മൾ ചെയ്യുന്നത് സൃഷ്ടിച്ച ഒന്നിനെ നമ്മൾ ആരാധിക്കുമ്പോൾ, സ്രഷ്ടാവിനേക്കാളും. ഇതു ദൈവത്തെ നമ്മൾ പ്രതിനിധാനം ചെയ്യുന്നില്ല, അതുകൊണ്ട് ദൈവം അസൂയാലു ആകുന്നു.

## Q8. ക്രിസ്തീയ വിഗ്രഹങ്ങളും തെറ്റാണോ?

ഏതു തരത്തിലുള്ള പ്രതിമയോ വിഗ്രഹമോ, അത് ആരാധനയുടെയോ, ധ്യാനത്തിന്റെയോ, ഭക്തിയുടെയോ ഒരു വസ്തു ആകുമ്പോൾ - എന്തു പേരിൽ നമ്മൾ അതിനെ വിളിച്ചാലും സാരമില്ല അല്ലെങ്കിൽ ആരെയെങ്കിലും പ്രതിനിധാനം ചെയ്താൽ, അതു ക്രിസ്തീയ ആരാധനയുടെ സ്ഥലത്ത് ആയിരുന്നാൽ പോലും തെറ്റാണ്.

ശിശുവായ യേശുവിന്റെയോ, യുവാവായ യേശുവിന്റെയോ, മദ്ധ്യവയസ്സായ യേശുവിന്റെയോ പ്രതിമക്കോ അല്ലെങ്കിൽ ചിത്രത്തിനോ നമ്മൾ മെഴുകുതിരി കത്തിച്ച് ആരാധിക്കരുത്. ചിത്രം യഥാർത്ഥമായും യേശുവിന്റേതാണെന്നു നിങ്ങൾക്കു എങ്ങനെ അറിയാം. അതുവേറെ ആരുടെയെങ്കിലും ആയിരിക്കുവാൻ കഴിയും, അതിനു നിങ്ങൾ മെഴുകുതിരി കത്തിച്ച് പൂക്കൾ സമർപ്പിക്കുന്നുണ്ടായിരിക്കാം. ദൈവം പറയുന്നു, പറക്കുന്നതിന്റെയോ ഇഴയുന്നതിന്റെയോ

യാതൊന്നിന്റെയും വിഗ്രഹം നിങ്ങൾ ഉണ്ടാക്കരുതെന്ന്.

വിഗ്രഹങ്ങളെ ക്രിസ്ത്യാനി എന്നു വിളിക്കുന്നത് ഹാസ്യജനകമാണ്. എന്നിട്ട് പറയുന്നു നിങ്ങൾ ദൈവത്തെ അതിലൂടെ ആരാധിക്കുകയാണെന്ന്. നിങ്ങൾ ദൈവത്തെ മാത്രമേ ആരാധിക്കാവൂ "സത്യത്തിലും ആത്മാവിലും (യോഹന്നാൻ 4:23-24).

Q9. മെഴുകുതിരി കത്തിക്കുന്നതിൽ എന്താണ് തെറ്റ്?

ഒരു മെഴുകുതിരി കത്തിക്കുന്നതിൽ തെറ്റില്ല, പ്രതിരൂപമായത് മാത്രമാണ്. അനേക കാര്യങ്ങൾക്കു നമ്മൾ ഇത് ചെയ്യുന്നു. വൈദ്യുതി ഇല്ലാത്തപ്പോൾ വെളിച്ചത്തിന്, ജൻമദിനങ്ങളിൽ, പ്രതിരൂപമായ അർത്ഥസൂചന വിവാഹസമയത്തെ ഐക്യത, നല്ല അന്തരീക്ഷത്തിനുവേണ്ടി, അതുപോലെ പലതും. എന്നാൽ, ഇത് ആരാധനയുടെ ഒരു പ്രവൃത്തിയായിട്ടു ചെയ്യുമ്പോൾ, ഒരു വിഗ്രഹത്തിനോടോ പ്രതിമയോടോ, അപ്പോൾ "സത്യത്തിലും ആത്മാവിലും നമ്മൾ ആരാധിക്കണം" എന്നുള്ള സത്യം ലംഘിക്കുകയാണ്. ഒരു ചിത്രത്തിനു മുമ്പിൽ മെഴുകുതിരി കത്തിച്ചാൽ അത് ദൈവത്തിന് ഇഷ്ടമാണെന്ന് നിങ്ങൾക്ക് തോന്നുകയാണെങ്കിൽ അല്ലെങ്കിൽ ദൈവം നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം തരും, എന്തുകൊണ്ടെന്നാൽ ജ്വാല നിങ്ങളുടെ പ്രാർത്ഥനമുകളിലോട്ട് സ്വർഗ്ഗത്തിലോട്ട് കൊണ്ടുപോകും എന്നു വിചാരിച്ചാൽ നിങ്ങൾ നിങ്ങളെത്തന്നെ തൊന്തരവ് കാണിക്കുകയാണ്. വേദപുസ്തകം പറയുന്നത് ദൈവത്തെ "സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവനാണ് അല്ലാതെ മെഴുകുകൊണ്ടും തീകൊണ്ടും അല്ല.

Q10. എന്റെ സഹവാസിക്കു/ഭാര്യക്കോ ഭർത്താവിനോ വിഗ്രഹങ്ങൾ ഉണ്ട്. ഇത് എന്നെ ബാധിക്കുമോ?

ഇല്ല. വേദപുസ്തകം പറയുന്നത് ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ഒരു ലോകത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന് (1 യോഹന്നാൻ 5:18-19). നമ്മൾ പോകുന്ന എല്ലായിടത്തും നമുക്കു ചുറ്റും ദുഷ്ടമായത് (പിശാചുക്കൾ) ഉണ്ട്.എന്നാൽ നമുക്ക് അവയെ കാണാൻ കഴിയത്തില്ല. അതു

കൊണ്ട്, ഒരു ഭവനത്തിൽ വസിക്കുമ്പോൾ, സഹവാസിക്കോ ഭാര്യക്കോ ഭർത്താവിനോ വിഗ്രഹങ്ങൾ ഉണ്ടെങ്കിൽ അത് നിങ്ങളെ ബാധിക്കുകയില്ല, ദൈവം നിങ്ങൾക്കു തന്ന വചനത്താൽ നിങ്ങളെ കാത്തുസൂക്ഷിക്കുന്നതുവരെയും. അതുകൊണ്ട് നിങ്ങൾക്ക് ഭയപ്പെടേണ്ട ആവശ്യമില്ല. നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക, ഭവനത്തിലെ നിങ്ങളുടെ സ്ഥലം വൃത്തിയായി സൂക്ഷിക്കുക, നിങ്ങൾ നല്ലതായിട്ടിരിക്കും. ദൈവത്തിൽനിന്നു ജനിച്ചവനെ ദുഷ്ടനു തൊടാൻ കഴിയത്തില്ല. ഭയത്തിലൂടെയോ വിഗ്രഹാരാധനയിലൂടെയോ ദുഷ്ടനായവന് പ്രവേശനം കൊടുക്കരുത്. വലിയവൻ നിങ്ങളിൽ വസിക്കുന്നു എന്നു ഓർക്കുക (1 യോഹന്നാൻ 4:4).

Q11. ഇത് ദൈവമാണോ ചെയ്യുന്നത് (തലമുറയുടെ അടിമത്തം) അതോ  പിശാചാണോ?

പാപങ്ങളും ശപഥങ്ങളും സമർപ്പണങ്ങളും പൂർവ്വപിതാക്കന്മാരുടെ സാത്താന്യസ്വാധീനത്തിനും അടിമത്തത്തി നും വഴി തുറക്കപ്പെട്ടു. വേദപുസ്തകത്തിലുടനീളം, അവിടെ പുസ്തകഭാഗങ്ങളുണ്ട്: അവിടെ ദൈവം പറയുന്നു അവൻ ചിലത് “ചെയ്യുന്നു” എന്നും അല്ലെങ്കിൽ രോഗം അയയ്ക്കുമെന്നും, ചെകിടരെയും ഊമരെയും ഉണ്ടാക്കുമെന്നും അല്ലെങ്കിൽ ഒരു അശുദ്ധാത്മാവിനെ അയയ്ക്കുമെന്നും. തിരുവെഴുത്തിന്റെ മുഴുവൻ വെളിച്ചത്തിലും ഇതിന്റെ ശരിയായിട്ടുള്ള വ്യാഖ്യാനം ദൈവം തന്നെത്താൻ ഇതു ചെയ്യത്തില്ല എന്നാണ്. പിശാചാണ് ഇതു ചെയ്യുന്നത്.

ദൈവത്തിന്റെ കരുതൽ ഉണ്ട് അവിടെ ദൈവം എല്ലാ മനുഷ്യരെയും ഭദ്രമായി സൂക്ഷിക്കുന്നു. യേശു പറയുന്നത് ദൈവം തന്റെ സൂര്യനെ നല്ലവരുടെമേലും ദുഷ്ടന്മാരുടെ മേലും പ്രകാശിപ്പിക്കുമെന്നാണ്, മഴ നല്ലവർക്കും ദുഷ്ടന്മാർക്കും കൊടുക്കും എന്നാണ്. എന്നാൽ ഒരു വ്യക്തി ദൈവത്തിന്റെ ഇഷ്ടമോ അല്ലെങ്കിൽ കല്പനയോ ലംഘിക്കുമ്പോൾ, ആ വ്യക്തി അറിഞ്ഞുകൊണ്ടുതന്നെ സ്ഥലങ്ങളിലേക്കു നടക്കുന്നു അവിടെ ദുഷ്ടൻ ഉപദ്രവത്തിനു കാരണമാക്കുന്നു, നഷ്ടത്തിനും നശിപ്പിക്കലിനും കാരണമാ

ക്കുന്നു. അതിന് നിങ്ങൾക്കു ദൈവത്തെ കുറ്റപ്പെടുത്തുവാൻ കഴിയത്തില്ല. ഒരു വ്യക്തിയുടെ പ്രവൃത്തിയുടെ പരിണിത ഫലം ദൈവം തരുന്നതായ കരുതലിന്റെ ഭദ്രമായ സൂക്ഷിപ്പിൽ നിന്നും പുറത്തേക്കു പോകുവാൻ ഒരുവനെ കാരണമാക്കുന്നു; ഇപ്രകാരം പിശാചിനു അനുവാദം കൊടുക്കുന്നു സ്വാധീനം ചെലുത്തുന്നതിനും, ആധിപത്യത്തിനും, ഞെരുക്കലിനും.ദൈവം ജനങ്ങളെ അവരുടെ സ്വന്തതീരുമാനങ്ങൾ എടുക്കുന്നതിനും സ്വന്തവഴികളിൽ നടക്കുന്നതിനും അനുവദിക്കുന്നു. സാധാരണയായി, ജനങ്ങൾ തിരഞ്ഞെടുക്കുന്ന വഴി,അവരെ ഒരു സ്ഥലത്തേക്കു കൊണ്ടുപോകുന്നു, അവിടെ പിശാച് അവരെ അടിമത്തത്തിൽ അമർത്തുന്നു. ദൈവം തന്റെ വ്യക്തിത്വം വെളിപ്പെടുത്തി ഇങ്ങനെ പറഞ്ഞുകൊണ്ട് “ഞാൻ നിന്റെ സൗഖ്യദായകനായ യഹോവ ആകുന്നു.” ഒരിടത്തും, ദൈവം പറഞ്ഞിട്ടില്ല, “ഞാൻ നിനക്കു രോഗങ്ങളെ തരുന്ന ദൈവം ആണെന്ന്.” ആധുനിക സങ്കേതഭാഷയിൽ പറയുകയാണെങ്കിൽ ദൈവം നിന്റെ “വൈദ്യൻ” ആകുന്നു.

ലഘുവായി പറഞ്ഞാൽ, നിങ്ങൾക്കു രോഗം വരുമ്പോൾ നിങ്ങൾ നിങ്ങളുടെ വൈദ്യന്റെയടുത്തു പോയി ഇങ്ങനെ പറയുമോ ഡോക്ടർ! ഇന്നു നിങ്ങളുടെ അതിവിശുദ്ധ ഹിതം ആണെങ്കിൽ, രോഗികളെ സൗഖ്യമാക്കുന്ന മനോഭാവത്തിൽ ആണെങ്കിൽ, ഇത് നിങ്ങളുടെ നല്ല സന്തോഷമാണെങ്കിൽ, എനിക്കു എന്താണ് കുഴപ്പം എന്നു നിങ്ങൾക്കു കണ്ടുപിടിക്കുവാൻ കഴിയുമോ, ഞാൻ കുറച്ചുകൂടി നല്ലതായി തോന്നേണ്ടതിനു എന്തെങ്കിലും ചെയ്താലും”. നമ്മുടെ അന്തർലീനമായ പ്രതീക്ഷ നമ്മൾ വൈദ്യന്റെയടുത്ത് പോകുമ്പോൾ, അദ്ദേഹത്തിന്റെ കഴിവിനും അറിവിനും അനുസരിച്ച് നമ്മളെ സുഖപ്പെടുത്താൻ വേണ്ടത് എല്ലാം ചെയ്യണമെന്നാണ്. അല്ലാതെ നമ്മുടെ അവസ്ഥ കൂടുതൽ മോശവുമാക്കാനല്ല. എന്നാൽ ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധത്തിൽ നമുക്ക് ദ്വിവിധമായ പരിമാണം ആണുള്ളത്.ദൈവം പറഞ്ഞു, “ ഞാൻ യഹോവാ റാഫാ (നിങ്ങളെ സൗഖ്യമാക്കുന്നവൻ, നിങ്ങളുടെ വൈദ്യൻ), യഹോവാ യീരെ (ഉണ്ടാക്കിക്കൊ

ടുക്കുന്നവൻ), യഹോവാ നിസ്സി (നിങ്ങൾക്കു ജയം തരുന്നവൻ), നിങ്ങളെ കാത്തുപരിപാലിക്കുന്നവൻ, നിങ്ങളുടെ നീതി," ആ ദൈവത്തോട് ചോദിക്കുക അങ്ങയുടെ ഏറ്റവും വലിയ വിശുദ്ധ ഹിതം ആണെങ്കിൽ എന്നെ സൗഖ്യമാക്കണമേ." സൗഖ്യമാക്കുന്നതും അനുഗ്രഹിക്കുന്നതും ദൈവത്തിന്റെ ഹിതമാണ്. നമ്മൾ വൈദ്യനോട് അങ്ങനെ സംസാരിക്കാത്തപ്പോൾ നമ്മൾ എന്തിനാണ് ദൈവത്തോട് അങ്ങനെ സംസാരിക്കുന്നത്? വേറെ പൊതുവായ ഒരുദാഹരണം ദൈവം എല്ലാ ജനങ്ങളെയും സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നു, നരകത്തിലേക്കല്ല, എന്നാൽ ജനങ്ങൾ സ്വർഗ്ഗത്തിനുപകരം നരകം ആണ് തിരഞ്ഞെടുക്കുന്നത്. ദൈവം അവരെ അവിടേക്കു അയക്കുന്നില്ല, ഇതിനു ദൈവത്തെ കുറ്റപ്പെടുത്തുവാൻ കഴിയത്തില്ല. അതുകൊണ്ട്, ദൈവം അല്ല തലമുറയായിട്ടുള്ള അടിമത്തം കൊണ്ടുവരുന്നത്. ഇത് പിശാചിന്റെ പ്രവൃത്തിയാണ്, നമ്മുടെ സ്വന്ത പാപപ്രവൃത്തികളിൽനിന്നും കാരണം ആക്കുന്നു.

## ഒരുക്കം

- ആരാധനക്കു ഉപയോഗിച്ചതും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ വസ്തുക്കൾ നീക്കം ചെയ്യുക. സംശയം ഉള്ളപ്പോൾ മാറ്റിക്കളയുക.
- ഗുപ്തമായതും – മോഹനിദ്ര, ആഭിചാരകർമ്മം, ജ്യോതിഷം, ജാതകം മനസ്സുവായിക്കുന്നത്, സംഖ്യാജ്യോതിഷം, കൈനോട്ടം, മന്ത്രത്തകിട്, വശീകരണം, ജനനക്കല്ല്, ഭാഗ്യമുള്ള പ്രതീകം, തകിട്, രാശിചക്രത്തിന്റെ ആകർഷണശക്തി, ഭാരമേറിയ ലോഹം/പാറസംഗീതം – അങ്ങനെ അഭക്തി വർദ്ധിപ്പിക്കുന്നതെല്ലാം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉപേക്ഷിക്കണം.
- തെറ്റായ മതങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉപേക്ഷിക്കണം (യഹോവാസാക്ഷി, സ്വതന്ത്രമായ കൽപ്പണി) ഉപാസനാരീതി, തെറ്റായ ദൈവങ്ങളെ ആരാധിക്കുന്നത്, ദൈവവചനത്തിനു വിരുദ്ധമായ തത്വശാസ്ത്രങ്ങൾ.
- കർത്താവായ യേശു ക്രൂശിൽ എന്താണ് പൂർത്തീകരിച്ചത് അതിൽ വിശ്വസിക്കുക, എന്തു ഭക്തിയിൽ ആയിരുന്നു നിങ്ങളുടെ പൂർവ്വപിതാക്കന്മാർ എന്നു പരിഗണിക്കാതെ, നിങ്ങളുടെ ഭക്തി ക്രിസ്തുവിനോട് വാഗ്ദാനം ചെയ്യുക.
- ദൈവത്തോടുള്ള മുഴുവൻ അനുസരണത്തിലും ഭരമേല്പിച്ചു കൊടുക്കുക.
- നിങ്ങൾ അനുഗ്രഹിക്കപ്പെടണമെങ്കിൽ നിങ്ങളുടെ ദശാംശവും കാഴ്ചദ്രവ്യവും ദൈവത്തിനു കൊടുക്കുക. ദൈവത്തിന്റെ വചനം അനുസരിക്കുക. വിശുദ്ധിയിൽ ജീവിക്കുക.
- പരിശുദ്ധാത്മാവിനോട് ചോദിക്കുക, നിങ്ങളെയും നിങ്ങളുടെ പൂർവ്വപിതാക്കന്മാരെയും ഏതെങ്കിലും അടിമത്തത്തിൽ ആക്കിവെച്ചിട്ടുണ്ടെങ്കിൽ ആ സ്ഥാനം കാണിച്ചു തരുവാൻ, അവയെക്കുറിച്ച് ഒരു കുറിപ്പുണ്ടാക്കുക, എന്നിട്ട് ആ അടിമത്തങ്ങളിൽനിന്നും ഉള്ള ഒരു വേർപ്പെടുത്തലിനു താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന പ്രാർത്ഥിക്കുക.

# പ്രാർത്ഥന

കർത്താവായ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു. ക്രൂശിൽ സാത്താന്റെ എല്ലാ ശക്തികളിൽനിന്നും എന്നെ സ്വതന്ത്രനാക്കാൻ നീ നിന്റെ രക്തം ചൊരിഞ്ഞു. നിന്റെ രക്തം ചൊരിഞ്ഞത് വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നടപ്പും അതിന്റെ പരിണിതഫലവും എന്റെ പൂർവ്വപിതാക്കന്മാർ എനിക്കു തന്നേച്ചുപോയതിൽനിന്നും എന്നെ സ്വതന്ത്രനാക്കുവാനാണ്. ഇന്നു എന്റെ സ്വാതന്ത്ര്യം ഞാൻ അവകാശമായി ആവശ്യപ്പെടുന്നു എന്തുകൊണ്ടെന്നാൽ നീ എനിക്കുവേണ്ടി എന്തു ചെയ്തുവോ, അതുകൊണ്ട്.

ഞാൻ എന്റെ ജീവിതത്തിലെ എല്ലാ പാപങ്ങളെക്കുറിച്ചും മത്സരങ്ങളെക്കുറിച്ചും ഓർത്തു അനുതപിച്ച് ഉപേക്ഷിക്കുന്നു. എന്റെ പാപത്തിന്റെയും മത്സരത്തിന്റെയും പരിണിതഫലത്തിൽനിന്നും ഞാൻ എന്റെ സ്വാതന്ത്ര്യം സ്വീകരിക്കുന്നു.

യേശുക്രിസ്തുവിന്റെ നാമത്തിലും അവന്റെ രക്തത്തിന്റെ ശക്തിയാലും എന്റെ പൂർവ്വപിതാക്കന്മാരിൽനിന്നും എനിക്കു കൈമാറപ്പെട്ട എന്റെ ജീവിതത്തിലുള്ള എല്ലാ അടിമത്തങ്ങളിൻമേലും ശാപങ്ങളിൻമേലും ഞാൻ അധികാരം എടുക്കുന്നു, എല്ലാ അടിമത്തങ്ങളെയും ഞാൻ ഉടച്ചുകളയുന്നു, എല്ലാ ശാപങ്ങളെയും ഞാൻ വെട്ടിക്കളയുന്നു അതിന്റെ എല്ലാ ഫലങ്ങളെയും.

എല്ലാ ശപഥങ്ങളും, ശാപങ്ങളും, സമർപ്പണങ്ങളും, പാതകമായ പ്രവൃത്തികളും, അംഗക്ഷതം നിമിത്തമുണ്ടാകുന്ന അസ്വാഭാവിക ശരീരാവസ്ഥയും, ഉടമ്പടികളും ഭക്തിക്കുവേണ്ടിയെടുത്ത വാഗ്ദാനങ്ങളും എന്റെ പിതാവിന്റെയോ മാതാവിന്റെയോ കുടുംബപരമ്പരയിൽ സാത്താനു പ്രവേശിക്കുവാൻ അധികാരം കൊടുത്തത്,മറ്റുള്ളവരിൽനിന്നു വരുന്ന ശാപവും സ്വയം അടിച്ചേൽപ്പിച്ച പാപവും ഉൾപ്പെട്ടിരിക്കുന്നതും ഞാൻ വെട്ടിക്കളയുന്നു.

യേശുവിന്റെ നാമത്തിലും ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തിയാലും എന്റെ ജീവിതത്തെ ബാധിച്ച ശത്രുവിന്റെ എല്ലാ അധികാരത്തെയും സ്വാധീനത്തെയും ഞാൻ ഉടച്ചുകളയുന്നു.

ഞാൻ സ്വതന്ത്രനായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ യേശു എന്നെ സ്വതന്ത്രനാക്കി!

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**


**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

ALL PEOPLES CHURCH
Bible College
& MINISTRY TRAINING CENTRE

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ഉത്ഭവം മുമ്പുള്ള തലമുറകളിൽനിന്നും ആയിരിക്കാം. എന്തുകൊണ്ടെന്നാൽ ആരെങ്കിലും പാതകമായ ഒരു ജീവിതശൈലി നയിച്ചിരിക്കാം അല്ലെങ്കിൽ സാത്താന്യ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നിരിക്കാം. തലമുറകളുടെ അടിമത്തങ്ങൾ എന്താണെന്നും അവയെ എങ്ങനെ വേർപ്പെടുത്താം എന്നുള്ളതും നമ്മൾ ഗ്രഹിച്ചിരിക്കേണ്ടത് വളരെ പ്രാധാന്യം ആണ്. നമ്മുടെ സ്വാതന്ത്ര്യം കരസ്ഥമാക്കിയത് ക്രൂശിലാണ്. പിശാചിന്റെ എല്ലാ പ്രവൃത്തികളെയും നശിപ്പിക്കുവാനാണ് യേശു വന്നത്, എങ്ങനെയാണത് നമ്മുടെ ജീവിതങ്ങളിൽ പ്രവേശിച്ചതെന്ന് കൂട്ടാക്കാതെ.

എങ്ങനെയാണ് വ്യക്തിപരമായും തലമുറകളായിട്ടുമുള്ള അടിമത്തങ്ങൾ എന്നും എങ്ങനെയാണ് അവയെ വേർപ്പെടുത്തുന്നതെന്നും തിരിച്ചറിയേണ്ടതെന്നുമുള്ള വിവേകത്തിനു ഈ പുസ്തകം സഹായിക്കും.സ്വതന്ത്രരായിരിക്കുക. യേശു നമുക്ക് തരുവാൻ വന്ന സമൃദ്ധിയായ ജീവനിൽ ജീവിക്കുക.

**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Breaking Personal and Generational Bondages)